# കൂട്ടുകൃഷി

—ഇടശ്ശേരി

നാടകം

Noolamala

നൂലാമാല

Play in Malayalam

by Edasseri Govindan Nair

©Rights reserved.

# നൂലാമാല

നാടകം

ഇടശ്ശേരി ഗോവിന്ദൻ നായർ

# നൂലാമാല

## കഥാപാത്രങ്ങൾ

സൗദാമിനി അമ്മ: അവിവാഹിതയായ ഒരു സാമൂഹ്യപ്രവർത്തക. വയസ്സ് ഉദ്ദേശം 28.

പാറുക്കുട്ടി അമ്മ: സൗദാമിനിയുടെ അമ്മ.

രോഹിണി: വയസ്സ് 17.

നാരായണ മേനോൻ: അദ്ധ്യാപകൻ. രോഹിണിയുടെ അച്ഛൻ. ഗാന്ധിയൻ.

മാധവമേനോൻ അദ്ധ്യാപകൻ: രോഹിണിയുടെ അച്ഛന്റെഒപ്പം ജോലിയെടുക്കുന്നു. വീട്ടിൽ നിത്യ സന്ദർശകൻ.

പ്രഭാകരൻ: രോഹിണിയുടെ നൂല്പുകേന്ദ്രത്തിൽ ജോലിയെടുക്കുന്നു. രോഹിണിയുടെ ആകർഷണവലയത്തിൽനിന്ന് കുതറിമാറാൻ കഴിയാതെ വിഷമിക്കുന്ന നിസ്സഹായൻ.

എളയമ്മ: രോഹിണിയുടെ പിതൃസഹോദരി.

ഗോപാലൻ: വയസ്സ് 14–15. പ്രായത്തിൽക്കൂടുതൽ അറിവും ആവശ്യത്തിലധികം നർമ്മബോധവുമുള്ള കുട്ടി. രോഹിണിയുടെ വീട്ടുജോലിക്കാരൻ.

കമല, വിമല, ശാരദ: നൂല്പു കേന്ദ്രത്തിലെ ജോലിക്കാരികൾ.

**രംഗം 1**

(സൌദാമിനിഅമ്മയുടെ വായനമുറി. നടുക്ക് വട്ടമേശ. അങ്ങിങ്ങ് ചില കസേലകളും ചാരുകസേലകളും. മേശയ്ക്കുമുമ്പിൽ രംഗത്തിലെക്കഭിമുഖിയായി സൌദാമിനിഅമ്മ നിൽക്കുന്നു. മേശമേൽ ഒരു വിളക്കും ഒരു താലത്തിൽ കുറെ മുല്ലപ്പൂക്കളും. അവൾ പൂക്കളെടുത്ത് നിരുദ്ദേശമായി മേശമേൽ പല ആകൃതിയിലും അടുക്കിവെക്കുകയാണ്. ഇതൊക്കെക്കണ്ടുംകൊണ്ട് സൌദാമിനിയുടെ അമ്മ പാറുക്കുട്ടിഅമ്മ (വൃദ്ധ) അടുത്തൊരു കസേലയിൽ ഇരിയ്ക്കുന്നു)

സൌദാമിനിയമ്മ ഒരു മൂളിപ്പാട്ടു പാടുകയാണ്.

‘ആളനക്കം മാറിയിട്ടില്ലാപണങ്ങൾ തോറും\
കാളകണ്ഠ ക്ഷേത്രഘണ്ടാ മേളമുണ്ടു കേൾപൂ\
നേരിയോരെൻ മേൽപുതപ്പാൽ തീരെ മറയാതെ\
ഭൂരിശോഭ ചിതറുമീത്താരഹാര മൂരി\
അരികിലസിത ജലദ വിപിന ഭൂവിലേയ്ക്കെറിഞ്ഞാൽ\
പരിണതരുചി പതിവരുമളവെങ്ങിനെയെതിരേല്ക്കും?’

പാറുക്കുട്ടിഅമ്മ: ന്നാക്കുട്ടി നീയാ ആർമോണ്യപ്പെട്ടി കൊണ്ടന്നിട്ട് നല്ലോണൊന്ന് പാടിക്കോ.

സൌദാമിനി: നന്നല്ല അമ്മേ ഹാർമോണിയം. അതിന്റെ ശബ്ദം കേട്ട ദിക്കില് സംഗീതം നിൽക്കില്ലാന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം.

പാറുക്കുട്ടിഅമ്മ: എന്നാ നീയാ ഫിഡിലെടുത്തുവെച്ച് പാടിക്കോ ഞാൻ എടുത്തൊണ്ടരട്ടെ?

(എഴുന്നേല്ക്കാൻ ഭാവിയ്ക്കുന്നു)

സൌദാമിനി: വേണ്ട അമ്മേ. എനിയ്ക്കിപ്പോൾ ഒന്നിന്നും വയ്യ. (പൂവടുക്കിക്കൊണ്ടു മേശയുടെ മൂന്നു വശവും നടക്കുന്നു)

പാറുക്കുട്ടിഅമ്മ: (ഇരുന്ന്) എങ്ങനെയാ. രാവിലെമുതൽക്ക് നടത്തല്ലേ. അച്ഛൻണ്ടാർന്നപ്പൊ ദെവസേന വായിപ്പിച്ചീർന്നു. പണെത്ര ചെലവാക്കി, അതും ഇതൊക്കെ പടിപ്പിക്കാൻ!

സൌദാമിനി: (അസലായി പാടുന്നു)

ലോലമാമെന്നന്തരംഗ വൻതരംഗജാലം
ലീലയാലടച്ചുപൊങ്ങും ചാരുഭേരീനാദം
ആലശീല കലരാതെ വീണുറങ്ങുമാശാ-
നീലവേണിമാരേയിങ്ങോട്ടാനയിച്ചുവെങ്കിൽ
മുരളുമളികളിടറി വിടരും മുല്ലമലരൊന്നും
കരിയരുതതിനരികിലേവം കാവലെന്നേ തോന്നൂ.

സൌദാമിനി: അമ്മേ, ഇന്നു വൈകുന്നേരം പാല് കൊടുത്തയച്ചില്ലെ പ്രഭാകരന്?

പാറുക്കുട്ടിഅമ്മ: ഉവ്വ് – ന്നിട്ട് ഗോപാലൻ വെളക്ക് വെക്ക്ണേന്റെ ത്തിരി മുമ്പല്ലെ മടങ്ങിവന്നത്. ആ ചെക്കൻ അത്വരെ എവടെങ്കിലും കളിച്ച് നിന്നിട്ട്ണ്ടാവും.

സൌദാമിനി: അപ്പൊ ഗോപാലനോട് വല്ലതും പറഞ്ഞയച്ചിരുന്നോ – ഇന്ന് വരില്ലാന്നോ മറ്റോ?

പാറുക്കുട്ടിഅമ്മ: ഇല്ലല്യ. ഗോപാലന്നൊന്നും പറഞ്ഞില്യ. നീയില്ലെ ഇവടേന്ന് ചോയ്ച്ചൂത്രെ. പാലുകുടിച്ചപ്പൊ തോന്നീരിക്കേലോ. സാധാരണത്തെ ആളല്ല കൊടുത്തയച്ചിരക്കണേന്ന്.

സൌദാമിനി: (സസ്മിതം സ്വന്തം മൂളിപ്പാട്ട് തുടരുന്നു)

പാദസരം കിലുക്കീട്ടു പാഞ്ഞുപോം വഴിയ്ക്ക-
പ്പാറയോടെന്താപഗപ്പെൺപൈതലോതിയാവോ,
മർമ്മരസ്വരത്തിലെന്താ വൻമരത്തിൻ കാതിൽ
നർമ്മമൊഴി പൊഴിയ്ക്കുന്നൂതെന്നലോടിപ്പോകെ;
നുരയുമരിയ സിതമലർനിര ചൊരിയും ചില്ലയുമേന്തി
അരുണമെമ്മുഖമകലെനിന്നവർ പരിഹസിയ്ക്കുകയാവാം

(പ്രഭാകരൻനായർ പ്രവേശിക്കുന്നു. കയ്യിലൊരു തടിച്ച കണക്കു പുസ്തകം. അത് മേശപ്പുറത്തെ പൂക്കൾക്കുമേൽ ഇട്ട് അതിന്നടുത്തേയ്ക്ക് ഒരു കസേല വലിച്ചിട്ട് ഇരിയ്ക്കുന്നു)

സൌദാമിനി: (നീരസം ഭാവിച്ചുകൊണ്ട് കണക്ക് പുസ്തകം എടുത്ത് മാറ്റിവെച്ചിട്ട്) അതാ, ആ പൂക്കളൊക്കെ ചതച്ചു. ഇങ്ങിനെ സൌന്ദര്യബോധമില്ലാത്ത...വർഗ്ഗം...

പ്രഭാകരൻ: (ചിരിച്ചുകൊണ്ട്) അതുള്ളവർ ചതയ്ക്കപ്പെടാൻ ആഗ്രഹിയ്ക്കുമ്പോഴൊ?

സൌദാമിനി: (ചതഞ്ഞപൂക്കൾ പെറുക്കിയെടുത്ത് പ്രഭാകരന്റെ മേലേയ്ക്കിടുന്നു; ഒരു കുടിലകടാക്ഷത്തോടു കൂടി)

പ്രഭാകരൻ: അതേ. വീണ്ടും വേദനിപ്പിച്ചവന്റെ അടുത്തേയ്ക്കുതന്നേ പൂക്കളെത്തുള്ളു.

(സൌദാമിനിഅമ്മ എന്തോ പറയാൻ ഭാവിച്ചു അമ്മയുടെ നേർക്കുനോക്കുന്നു. എന്നിട്ട് വാല്യക്കാരനെ വിളിക്കുന്നു) ഗോപാലാ.

പാറുക്കുട്ടിഅമ്മ: വിളിച്ചാലൊന്നും കേക്കില്ല. ഇപ്പോ പരക്കംപാച്ചിലായിരിക്കും അടുക്കളേല്. ഞാൻ പോയി പറയാം, ചായയ്ക്കല്ലേ? (എഴുന്നേറ്റ് പോകുന്നു. രംഗത്തിലേയ്ക്കുള്ള പ്രവേശനദ്വാരത്തിന്നു മുമ്പിൽവെച്ചു ഓടിവരുന്ന ഗോപാലനുമായി മുട്ടുന്നു) ആവൂ, കണ്ണും മൂക്കുല്യാതെയാ ചെക്കൻ നടക്കാ. ത്തിരി ചായ,ണ്ടാക്ക്.

(ഗോപാലൻ രംഗത്തിലേയ്ക്കു ചെരിഞ്ഞുനോക്കി പ്രഭാകരനെക്കണ്ട് നാവുകടിച്ചു പിന്മാറിപ്പോകുന്നു. പിറുപിറുത്തുകൊണ്ടു തള്ളയും മടങ്ങി വന്നു കസേലയിൽത്തന്നെ ഇരിയ്ക്കുന്നു. ഇതിലിടക്ക്)

സൌദാമിനി: അമ്മ അവിടെ ഇരുന്നോളു. ഞാൻ പോയിനോക്കാം. (പ്രഭാകരനോട്) ദാ ഇപ്പോൾ വന്നേയ്ക്കാം (പോകുന്നു)

(പ്രഭാകരൻ സൌദാമിനി മേശപ്പുറത്തു തുറന്നുവെച്ചിരുന്ന പുസ്തകം എടുത്തു നോക്കിയിരിയ്ക്കുന്നു)

പാറുക്കുട്ടിഅമ്മ: എത്ര നേരായി ഇവിടെ അന്വേഷണം തൊടങ്ങീട്ട്. ഒരുല്ലോസോംല്യ - കളീല്യ. ഇന്ന് പാലുകൊടുത്തയച്ചപ്പോവ്ടെണ്ടാവാഞ്ഞിട്ട് ഒരു സുഖ്യോംല്യ. അത്തന്നെ ചോയ്ച്ചിരിക്കുണു പത്ത്വട്ടം. എങ്ങനെയാ ഇവിടെരിക്ക്വാ. അപ്പളയ്ക്ക് അവര്വരും. ഒരു ചർക്ക വേണം; ഇവര്വരും ഒരു കുട്ട്യേ ചേർക്കണം. നടത്തംതന്നെ. ഔ അച്ചൻള്ളപ്പൊ പൊറത്തെറക്കാത്ത കുട്ട്യാ...

പ്രഭാകരൻ: ആ പാവങ്ങളുടെ കാര്യം നോക്കാനും ഒരാള് വേണ്ടെ അമ്മേ. എന്നാലും ദേഹം വല്ലാതെ ക്ഷീണിക്കുന്നതു നോക്കണം.

(സൌദാമിനി മടങ്ങിവരുന്നു) അമ്മ ഊണു കഴിച്ചോളു. അതാ അവൻ വിളമ്പാൻ കാത്തുനില്ക്കുന്നു.

(പാറുക്കുട്ടിയമ്മ എഴുന്നേറ്റു മെല്ലനടന്നുകൊണ്ട്) നെണക്ക് ഊണൂല്യാലോ. ങനെ ആയാ ക്ഷീണിക്കെ. (പോകുന്നു)

സൌദാമിനി: (പുസ്തകം തട്ടിപ്പറിച്ചെടുത്ത് കസേലയിൽ ഇരുന്നിട്ട്) ആരേ പറഞ്ഞത് ഇതെടുത്തുനോക്കാൻ

പ്രഭാകരൻ: എന്താ-അത് രതിസാമ്രാജ്യോം ഒന്നും അല്ലലോ. പിന്നെന്താ?

സൌദാമിനി: ഓ. രതിസാമ്രാജ്യം എന്താ വായിച്ചൂടെ? ഞാൻ വായിച്ചിട്ടുണ്ട്. വേണമെങ്കിൽ തരികയും ചെയ്യാം.

പ്രഭാകരൻ: എനിയ്ക്ക് പുസ്തകം വായിക്കലല്ലലോ പണി. കച്ചവടല്ലേ. കണക്കതാ. അതു നോക്കു. എനിയ്ക്കു പോണം.

സൌദാമിനി: ഓ പൊയ്ക്കോളു. ഇവിടെ ആരും കെട്ടിയിടുന്നില്ല. (കണക്കെടുത്തു നോക്കുന്നു) ഇന്നത്തെ ൽന്ധ ന്ഥബന്ധഒൽണ ബാങ്കിലടച്ചുവോ?

പ്രഭാകരൻ: ഉവ്വല്ലോ. രശീതി അതിലുണ്ട്.

സൌദാമിനി: ആ, ശരി (കണക്കിൽ ഒരിനം പ്രത്യേകം നോക്കിക്കൊണ്ട്) ഊം, ഇതെന്താ ഒരു പുതിയ പറ്റുകാരൻ? മാസ്റ്റർ നാരായണമേനോൻ ഒരു റൊക്കപ്പുള്ളിയാണല്ലൊ.

പ്രഭാകരൻ: എന്തോ ഇന്ന് മാസ്റ്ററുടെ മകളുടെ ഒരു കുറിപ്പു കണ്ടു- 1ക. 14ണ. യല്ലെ? സാമാനങ്ങളയക്കാൻ. തരക്കേടില്ലെന്നു തോന്നുന്നു.

സൌദാമിനി: ആര്, രോഹിണിയോ? കുറിപ്പിൽ ഫോട്ടോവും വെച്ചിരുന്നുവോ?

പ്രഭാകരൻ: (ചിരിച്ചുകൊണ്ട്) അതിന്നു വേണമെങ്കിൽ ഫോട്ടൊ ഒന്നും കാണണ്ട. ഞാൻ ആളെത്തന്നെ കണ്ടിട്ടുണ്ട്.

സൌദാമിനി: (സസ്മിതം) ഓഹോ, നിങ്ങൾ തമ്മിൽ അപ്പോൾ പരിചയക്കാരാണ്. ഞാനറിഞ്ഞില്യേ. എന്നാൽപ്പിന്നെ എടവാട് നന്ന്. പക്ഷെ, ഇതു മാസ്റ്റർ അറിഞ്ഞിട്ടാണെന്നു എനിയ്ക്കു തോന്നുന്നില്ല.

പ്രഭാകരൻ: (ആക്ഷേപസൂചനയെ ഗ്രഹിച്ച് ) പക്ഷെ, ആരും അറിഞ്ഞിട്ടില്ലാത്ത എടവാട് തുടക്കത്തിൽത്തന്നെ ദാമിനി അറിഞ്ഞില്ലെ? കണക്ക് ബോധിപ്പിയ്ക്കാൻ അത്രമതി.

സൌദാമിനി: പക്ഷെ, സംഖ്യ? അതു മടക്കിക്കിട്ടണമെങ്കിൽ മാസ്റ്റർതന്നെ അറിയണമല്ലൊ.

പ്രഭാകരൻ: ഓ, അതു ഞാൻ നോക്കീട്ടുണ്ട്. മാധവമേനോൻ പറഞ്ഞിട്ടുണ്ട് ഈയമ്മയ്ക്കുള്ള ബില്ല് തനിയ്ക്കയച്ചാൽ മതിയെന്ന്.

സൌദാമിനി: മാധവമേനോൻ?.... (എന്തോ ആലോചിച്ച് തന്നോടുതന്നെ) ഓ അതാണല്ലേ? രാവിലെ കമല കിടന്ന് ഉരുണ്ടത് അതാണ്.

പ്രഭാകരൻ: ഏ, അതേതാണ് കമല?

സൌദാമിനി: ഒന്നുമില്ല; രാവിലെ നൂൽപുകാരി കുട്ടികളിൽ നിന്ന് എനിയ്ക്ക് ഏതാണ്ട് മനസ്സിലായി. (ചിരിച്ചുകൊണ്ട്) നൂൽനൂല്പിനേക്കാൾ നല്ലത് മാധവമേനോനാണെന്ന് രോഹിണി മനസ്സിലാക്കിയിരിയ്ക്കും

പ്രഭാകരൻ: അതു ശരിയാണ്; അവൾക്ക് ബുദ്ധിയുണ്ട്. (രണ്ടാളും ചിരിയ്ക്കുന്നു)

സൌദാമിനി: അതു പോട്ടെ. ആ വെളുത്തു സുഭഗനായ ചെറുപ്പക്കാരനല്ലെ? അസിസ്റ്റന്റ് മാസ്റ്റർ? നല്ല മാന്യതയുള്ള ഒരാളാണ്.

പ്രഭാകരൻ: ഓ, ഹോ, ദാമിനിയ്ക്ക് തന്നെപ്പറ്റി ഇത്രത്തോളം മതിപ്പുണ്ടെന്നറിയുന്നത് പക്ഷേ ആയാൾക്ക് പ്രോത്സാഹജനകമായിരിയ്ക്കും.

സൌദാമിനി: അതയാൾക്ക് അറിഞ്ഞുകൂടാ എന്ന് എങ്ങിനെയാണ് മനസ്സിലായത്? എന്നാൽപോയി

പറഞ്ഞോളൂ.
പ്രഭാകരൻ: (കനപ്പിച്ച് ) ഞാനറിഞ്ഞിട്ടില്ലല്ലൊ നിങ്ങളുടെ അടുപ്പം. എന്തായാലും ദൌത്യത്തിന്നൊന്നും ഞാനാളല്ല.
സൌദാമിനി: പേടിയ്ക്കണ്ട. ആയാൾ പുരുഷനാണല്ലൊ.
'ദൂതനെന്നു കേട്ടതിങ്ങു ബോധംവന്നീല, ജഗ
ന്നാഥനെന്നെനിയ്ക്കു തോന്നി ചേതസി നിന്നെ'
എന്നൊന്നും കേൾക്കണ്ടിവരില്ലല്ലൊ.
പ്രഭാകരൻ: ഇപ്പോൾ കേട്ടുവല്ലൊ ആയാൾ 'കാമനോ സോമനോ' എന്നും മറ്റും. വേണ്ട ശ്രീമതി, ദൌത്യം നമ്മൾക്കു വേണ്ട!
സൌദാമിനി: സർ, ഞാൻ നിങ്ങളോട് ദൂതു പറയാനൊന്നും ആവശ്യപ്പെട്ടില്ല. എന്നല്ല, മി. മേനോനെ സംബന്ധിച്ചേടത്തോളം ഒരു ദൂതനെക്കൊണ്ട് സാധിയ്ക്കേണ്ടതായ കാര്യവും ഇന്നെനിയ്ക്കില്ല.
പ്രഭാകരൻ: നല്ലത്; നിങ്ങടെ സൌഹാർദ്ദത്തിന്ന് സ്വസ്തി.
സൌദാമിനി: (പ്രഭാകരന്റെ മുഖത്തേയ്ക്ക് ഇടംകണ്ണിട്ടു നോക്കി രസിച്ചുംകൊണ്ട് ) അതും വേണമെന്നില്ല. ആശിസ്സിനെ കൈനീട്ടിവാങ്ങുമ്പോൾ ശാപത്തെ ഭയപ്പെടേണ്ടതായും വരില്ലെ? ഈ രണ്ടിനെയും കാത്തുനിൽക്കാത്തതാണ് മൈത്രി.
പ്രഭാകരൻ: എന്നുവെച്ചാൽ, മറ്റാരുടെയും എത്ര ഹാർദ്ദമായ കടന്നിടപെടലിനെയും സഹിയ്ക്കാതെ നിഗൂഢതയിലേക്ക് ഇറങ്ങിയിറങ്ങിപ്പോകാൻ ഇഷ്ടപ്പെടുന്നത്, അല്ലെ?
സൌദാമിനി: (സരസം) ഓ, മനസ്സിലാവുന്നുണ്ടല്ലൊ. എന്നാൽ ഇതുകൂടി. അവിടെവെച്ച് കൂടുതൽ രസാവഹങ്ങളായ സങ്കീർത്തനങ്ങളെക്കൊണ്ട്, ചെവിയോർത്തു നില്ക്കുന്നവരെ അക്ഷമരാക്കുന്നത്. എന്നാലൊ?
പ്രഭാകരൻ: (ശുണ്ഠിപിടിച്ച്) എന്നാൽ, എന്തുണ്ടാവുമെന്ന് അങ്ങിനെ ചെവിയോർക്കാൻ തയ്യാറുള്ളവരോട് ചോദിച്ചുകൊള്ളു. എനിയ്ക്കാകട്ടെ സങ്കീർത്തനങ്ങൾ മടുത്തിരിയ്ക്കുന്നു. മൂർത്തിയെ – കുറെക്കൂടി യാഥാർത്ഥ്യത്തെ...
സൌദാമിനി: എനിക്കിപ്പോഴും സങ്കീർത്തനം മഹത്തരമാണ്. അതിന്നു മന്ത്രത്തിന്റെ മാഹാത്മ്യമുണ്ട്. അതുമല്ല, മർമ്മമറിഞ്ഞ ആലാപംകൊണ്ട് ഏതു ഭുജംഗവും പടമെടുത്ത് ആടുന്നതു കാണാൻ കൌതുകവുമുണ്ട്.
പ്രഭാകരൻ: പക്ഷെ, ആരും നിലയില്ലാത്ത കൌതുകത്തിൽ പോയിച്ചാടുന്നത് സൂക്ഷിച്ചിട്ടു മതി. എനിക്ക്... ഞാൻ പറഞ്ഞില്ലേ–യാഥാർത്ഥത്തെയാണിഷ്ടം. അതു നേരിടുക തന്നെ വേണം. കവിതയെ ഇഷ്ടപ്പെടുന്ന കാലം കഴിഞ്ഞിരിയ്ക്കുന്നു. ഇപ്പോൾ എന്റെ മനസ്സിൽ ഇല്ലാത്ത ഒന്നാണത്.
സൌദാമിനി: (സരസം) അതാണ് ഞാനതിൽ കവിത കലർത്താൻ ശ്രമിയ്ക്കുന്നത്.
പ്രഭാകരൻ: പൊള്ളവാക്കുകളല്ല അതിന്നു വേണ്ട കവിത.
സൌദാമിനി: അർത്ഥം ഗ്രഹിയ്ക്കാത്തവരെക്കാൾ അത് തെറ്റിദ്ധരിക്കുന്നവർക്ക് പൊള്ളവാക്ക് വലിയ അനുഗ്രഹമാണ്.
പ്രഭാകരൻ: ദഹനക്ഷയത്തിന്ന് പതിരുതിന്നാൻ കൊടുക്കലാണ് ദാമിനിയുടെ ചികിത്സ. (രണ്ടാളും ചിരിയ്ക്കുന്നു)
സൌദാമിനി: കഴമ്പു ദഹിയ്ക്കാത്ത അനുവാചകനെന്തിന്ന് പൊള്ള വാക്കുകളുടെ നേർക്ക് കലശൽ കൂട്ടുന്നു എന്നാണ് എനിയ്ക്ക് മനസ്സിലാവാത്തത്.
പ്രഭാകരൻ: (ശുണ്ഠിപിടിച്ച്) എന്നാൽ സഹൃദയൻ ഇപ്പോൾ ഉണ്ടല്ലോ. സാരവത്തായ കവിത അവിടെത്തന്നെയാവട്ടെ. (എഴുന്നേറ്റ് ) എനിയ്ക്ക് വീട്ടിൽ പോണം. (നടക്കുന്നു. സൌദാമിനി കസേല വഴിയ്ക്ക് വലിച്ചിട്ടിരിക്കുന്നു. പ്രഭാകരൻ അടുത്തുവന്ന് നിൽക്കുന്നു) മാറിനിൽക്കു. എന്നെക്കാണാൻ എന്റെ അമ്മ കാത്തിരിയ്ക്കുന്നുണ്ടാവും.
സൌദാമിനി: ഇപ്പോൾ ഇവിടെ കാത്തിരിയ്ക്കുന്നവർ കണ്ടുകഴിയട്ടെ.
(പെട്ടെന്നു ചായയുംകൊണ്ട് ഗോപാലൻവരുന്നു. ഇവരുടെ നിൽപുകണ്ട് ഞെട്ടി പിന്നോക്കം മാറുന്നു. പാത്രം താഴെ വീഴുന്നു. അവൻ 'അയ്യേ' എന്നു വിളിയ്ക്കുന്നു. അവർ രണ്ടാളുംകുലുങ്ങിച്ചിരിയ്ക്കുന്നു.)
(കർട്ടൻ)

രംഗം 2

മാസ്റ്റർ നാരയണമേനോന്റെ വീട്. സമയം 11മണി. രോഹിണി പാട്ടുപാടുന്നു. രംഗവിധാനം യഥോചിതം

('നീലക്കാർമുകിൽവർണ്ണ'നെന്ന മട്ട്)

രോഹിണി: ശോണ മാണിക്യരത്നം പോലുള്ളിൽ
ശ്ശോഭാപൂരം പൊഴിപ്പതിതെന്തോ,
അന്തിച്ചെങ്കതിർ തട്ടിത്തിളങ്ങി
നീന്തിപ്പോമൊരു നീർപ്പോളപോലെ,
നീല നിശ്ശൂന്യവിൺ നടുവിങ്കൽ-
ച്ചേലഞ്ചും തിരുവാതിരപോലെ,
വാസന്തപ്പുതു പച്ചയിലാദ്യ-
ഹാസം ചേർത്ത പനീരിതൾ പോലെ,

(ശോണ...?)

നാനാവർണ്ണമുയർന്നിതിൽനിന്ന-
ന്യൂനാമോദമായ് മാറുന്നിതെന്നിൽ
നാനാസൌരഭം വാർന്നിതിൽനിന്ന-
ന്യൂനാഹ്ലാദമായ് മാറുന്നിതെന്നിൽ
ഞാനാകുന്നോരുറവിടം മൂടി-
ക്കാണാതാമിപ്രവാഹത്തിലൂടെ
എങ്ങോട്ടെങ്ങോട്ടലകളിലാടി-
പ്പൊങ്ങു പോലൊഴുകുന്നിതെന്നംഗം?

(ശോണ...?)

(സൌദാമിനിയമ്മ പ്രവേശിക്കുന്നു. രോഹിണി എഴുന്നേറ്റുപചരിയ്ക്കുന്നു. രണ്ടുപേരും ഇരിയ്ക്കുന്നു.)

രോഹിണി: ഇങ്ങോട്ടിത് നടാടെയാണ്.

സൌദാമിനി: അതേ, രോഹിണിയെ ഇനി ഇവിടെ വന്നാലേ കാണൂ എന്നായപ്പോഴാണ് ആ 'നടാടെ' തുടങ്ങിയത്.

രോഹിണി: അതെന്താണമ്മേ, ഞാനെപ്പഴെങ്കിലും അവിടെ വന്നുകാണാൻ മടിച്ചിട്ടുണ്ടോ? ഈ രണ്ടാഴ്ചയായി എനിക്ക് തീരെ ഉന്മേഷം ഇല്യ; ഇവിടെ ഓരോ പണിയുമായി, അങ്ങിനെ കഴിഞ്ഞു. നൂലെടുക്കുക ഉണ്ടായില്യ. അതേ വരാത്ത്. അപ്പഴയ്ക്കും അമ്മ ഇങ്ങട്ട് തിരഞ്ഞു വന്വല്ലൊ. പ്രതിഫലമില്ലാത്ത പണിക്ക്ശ്ശി ആരും ഇങ്ങിനെ മിനക്കെടില്ല.

സൌദാമിനി: അത് പറയരുത്. അതെന്നെ വല്ലാതെ വേദനിപ്പിക്കും. സത്യം പറയുകയാണെങ്കിൽ, ഇതൊരു നിഷ്കാമകർമ്മമൊന്നുമല്ല. എനിക്ക് നല്ലോണം കൊണ്ടുനടക്കാൻ എന്റെ താഴെയും മേലെയും ഒന്നൂല്യാന്ന് രോഹിണിക്കറിഞ്ഞുകൂടെ. അപ്പോൾ നിങ്ങളെ ഒക്കെ നന്നായി കൊണ്ടുനടന്നിട്ടു വേണം എന്റെ മോഹം സാധിക്കാൻ. അത് സ്വാർത്ഥം തന്നെയാണ്.

രോഹിണി: (കണ്ണിൽ വെള്ളം നിറഞ്ഞ് അല്പം കുനിഞ്ഞ്) പക്ഷേ, ഞങ്ങളിൽപ്പലരും അത്രയ്ക്ക് അർഹിക്കുന്നില്ലമ്മേ.

സൌദാമിനി: അതുപോട്ടെ. എന്തേ ഉന്മേഷമില്യ എന്നുപറഞ്ഞ്? ഭാഗ്യംകൊണ്ട് ഞാൻ വന്നപ്പോൾ തികച്ചും ഉന്മേഷവതിയായിട്ടാണ് കണ്ടത്. ഞാൻ കുറച്ചുനേരം പുറത്തുനിന്നു. പാട്ടു മുഴുവനായിട്ടുവേണം ഇങ്ങോട്ട് കടക്കാൻ എന്നുവെച്ചിട്ടെ. പക്ഷേ, ക്ഷമയുണ്ടായില്യ. ആട്ടെ, അതൊന്നു മുഴുവൻ പാടൂ.

രോഹിണി: അയ്യോ അമ്മേ, എനിയ്ക്ക് അത്രതന്നെ ഓർമ്മയുള്ളു. ഇന്നാള് ഒരു മാസികേലോ മറ്റോ കണ്ടതാ.

സൌദാമിനി: ആരടെയാണത്?

രോഹിണി: (പരുങ്ങുന്നു)

സൌദാമിനി: നമ്മുടെ മാധവമേനോൻ അസ്സലായി കവിതയെഴുതും എന്ന് കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ആയിരിയ്ക്കും അല്ലേ?

രോഹിണി: (നിലതെറ്റാതെ) ആണെന്നുതന്നെയാ തോന്നുന്നത്.

സൌദാമിനി: ബഹുരസികനാണെന്നു കേട്ടിട്ടുണ്ട്. ഞാനായിട്ട് നേരിട്ട് പരിചയമില്ല. ഇവിടെ നിത്യനാണ്, അല്ലേ?

രോഹിണി: അച്ഛനെക്കാണാൻ എടയ്ക്ക് വരും.

സൌദാമിനി: (രോഹിണിയുടെ മനസ്സളക്കുന്ന ഒരു നോട്ടത്തോടുകൂടി) അതെ, രോഹിണിക്ക് എപ്പോഴും വീട്ടുപണിയായിട്ടും ഒക്കെ അങ്ങിനെ കഴിയായിരിക്കുമല്ലോ. കുട്ടികൾക്ക് സുഖക്കേടൊന്നുമില്ലല്ലൊ.

രോഹിണി: ഇപ്പോൾ വിശേഷിച്ചൊന്നുമില്ല. സ്ക്കൂളിൽ പോയിരിയ്ക്കയാണ്. ചന്ദ്രൻ മാത്രം ഇവിടെയുണ്ട്. ഉറക്കിക്കിടത്തിയിരിയ്ക്കയാ.

സൌദാമിനി: (സസ്മിതം) എന്നാലും വീട്ടുപണിയിൽത്തന്നെയങ്ങട്ട് മുങ്ങിപ്പോകരുത്. ഇത്തരം സംസ്കാരസമ്പന്നന്മാരുടെ സഹവാസം ദുർല്ലഭമല്ലെ? അതുപയോഗപ്പെടുത്താൻ മാത്രമുള്ള ബുദ്ധിയും സാമർത്ഥ്യവും രോഹിണിക്ക് ഉണ്ടേനീം. പിന്നെ...

രോഹിണി: (കരുതലോടുകൂടെ) അച്ഛനായിട്ടിരുന്ന് ഓരോ സ്ക്കൂൾ വർത്തമാനവും രാഷ്ട്രീയകാര്യങ്ങളും മറ്റും പറയുന്നത് കേൾക്കാം. എനിയ്ക്കാണെങ്കിൽ അതൊന്നും മനസ്സിലാവൂംല്യ.

സൌദാമിനി: അതേ, പെൺകുട്ടികൾക്കെപ്പോഴും ആമൃദുലഭാഗങ്ങളിലേ ശ്രദ്ധിയ്ക്കാനാവൂ. ലളിതകലകളാണ് അവരെ ആകർഷിക്കുക. രാഷ്ട്രീയകാര്യവും മറ്റും എന്നെപ്പോലത്തെ പരുക്കത്തികൾക്കുള്ളതാണ്. പക്ഷെ, കവിതയിലൂടെ പ്രത്യക്ഷപ്പെടുന്ന അദ്ദേഹം നൂറുശതമാനവും സരളനാണ്. വ്യക്തിപരമായിട്ടും വളരെ മൃദുസ്വഭാവനായിരിക്കും; അല്ലേ?

രോഹിണി: (സസന്ദേഹം പരുങ്ങുന്നു)

സൌദാമിനി: (ഉത്തരം പ്രതീക്ഷിയ്ക്കാതെ) ഇപ്പോൾ വയസ്സെത്രയായിട്ടുണ്ടാവും?

രോഹിണി: എനിയ്ക്കോ – പതിനേഴ്.

സൌദാമിനി: അതെനിയ്ക്കറിയില്ലെ. ഞാൻ നമ്മളുടെ കവിയെപ്പറ്റിയാണ് ചോദിച്ചത്.

രോഹിണി: അതു ഞാനെങ്ങിനെയാണമ്മേ, അറിയുന്നത്!

സൌദാമിനി: (സ്വരഭേദത്തോടുകൂടി) പിന്നേയ്, നോക്ക് നീയും ഞാനും പെണ്ണാണ്. എനിയ്ക്കാണെങ്കിൽ കുറച്ചുകൂടി പ്രായമുണ്ട്. കുറച്ചുകൂടി അനുഭവജ്ഞാനവുമുണ്ട്. നിനക്കറിഞ്ഞൂടെ? പല തരക്കാരേയും കണ്ടറിഞ്ഞിട്ടുണ്ട്. അപ്പോൾ പിന്നെ,എന്നെ മറച്ചുവെയ്ക്കണോ രോഹിണീ, ഇതൊക്കെ?

രോഹിണി: അയ്യോ അമ്മേ, ഞാൻ അമ്മയോട്...

സൌദാമിനി: നിൽക്ക്; ഞാൻ പറയട്ടെ. മനുഷ്യന്മാരുടെ വിശേഷിച്ചും പെൺകുട്ടികളുടെ മനസ്ഥിതിയും ആലോചനയും ഇത്തിരി ഒക്കെ എനിയ്ക്കും അറിവുണ്ടാവില്ലെ? ശരിയാണ്, എന്നെ ആരും വിവാഹം കഴിച്ചിട്ടില്ല. ഞാനും ഈ ലോകത്തിലൊക്കെത്തന്നെയാണ് കഴിച്ചുകൂട്ടുന്നത്. എല്ലാ മൃദുലവികാരങ്ങളും നശിച്ചവളാണെങ്കിൽ എന്നെ ഇപ്പോൾ വല്ല സന്യാസിമഠത്തിലുമല്ലെ കാണൂ. അനുജത്തിമാരുമില്ല, കുട്ടികളുമില്ല. അതുകൊണ്ട് നിങ്ങടെയൊക്കെ പിന്നാലെ നടക്കുന്നു. ഞാൻ പറഞ്ഞില്ലെ, എനിയ്ക്ക് സ്നേഹിയ്ക്കണം. സ്നേഹിക്കാൻ ആരുമില്ലെങ്കിൽ എന്നെപ്പോലത്തെ ഒരാത്മാവ് ആത്മഹത്യ ചെയ്യും. സ്നേഹത്തിന്നുവേണ്ടിയാണ് ഞാൻ പാടുപെടുന്നത്.

രോഹിണി: (അല്പം ഇളകി) അമ്മേ...

സൌദാമിനി: നിൽക്ക്, ഞാൻ മുഴുവൻ പറയട്ടെ. അപ്പോൾ ഞാൻ ഇത് അർഹിക്കുന്നില്ല. ഞാൻ സ്നേഹിച്ചു പിന്നാലെവരുമ്പോൾ എന്നെ തിരിഞ്ഞുനോക്കാതെ ഈ പാഞ്ഞുപോവലുണ്ടല്ലോ, അത് ഞാൻ അർഹിക്കുന്നില്ല. ഞാൻ വാത്സല്യംകൊണ്ടാണ് വന്നത് . എനിക്കു നിന്നെ കാണണം; നിന്റെ സുഖവും ദുഃഖവും അറിയണം. നീ നുലെടുത്തിട്ടില്ലാ എന്നു പറഞ്ഞു. ഉദ്യോഗമുറക്ക് അതിന്റെ കാരണം അന്വേഷിച്ച് ഉണ്ടെന്നോ ഇല്ല്യാന്നോ കേട്ടപടി എറങ്ങിപ്പോവുകയേ എനിയ്ക്കുവേണ്ടൂ. ഞാനതു ചെയ്തില്യ; അതു ചെയ്യാനല്ല എന്റെ മനസ്സുപറയുന്നത്. എനിക്ക് നിന്നെ പ്പറ്റി മുഴുവൻ അറിയണം. ഒന്നും അറിയാതെ ഇങ്ങട്ട് കേറിവന്നതാണെന്നു തോന്നും, നിന്റെ മട്ടു കണ്ടാൽ എനിക്കതു മനസ്സിലാവുന്നുണ്ട്.

രോഹിണി: (കമ്പിതയായി) അയ്യോ നിർത്തു അമ്മേ. നിങ്ങളെന്നെ ശപിക്കരുത്. നിർത്തു, ഞാൻ...
സൌദാമിനി: ശപിക്ക്യേ? നിന്നെയോ? അക്കാലത്ത് നീ സൌദാമിനിയുടെ ശവം കാണും. അപ്പോൾ, എന്തേ, പറഞ്ഞത്; എനിയ്ക്കറിയാം. ഞാനും ചിലതൊക്കെ പഠിച്ചിട്ടുണ്ട്. (സസ്മിതം) 'കുലകന്യകമാരാൽഹൃദി ഗുഹനീയം വസ്തു പറയാമോ?' എന്നല്ലേ? പറയാം. ഹംസത്തിനോട് പറയാം. ഇവിടെ ഹംസത്തിലും നല്ലൊരാളാണെന്ന് നീ വിശ്വസിച്ചാൽ മതി-ഒരേടത്തി. (കണ്ണിൽ വെള്ളംനിറച്ച്) നിന്റെ അമ്മയുണ്ടായിരുന്നുവെങ്കിൽ ഞാൻ ഇത്രത്തോളമൊന്നും മിനക്കെടില്യായിരുന്നു.
രോഹിണി: (കണ്ണുനീരോടുകൂടി മുഖം താഴ്ത്തിക്കൊണ്ട് ) എന്റെ കയ്യിൽ തെറ്റാണമ്മേ. (തേങ്ങിക്കരയുന്നു)
സൌദാമിനി: എഴുന്നേറ്റ് അടുത്തേക്കുചെന്ന് (രോഹിണിയുടെ തോളിൽ കൈവെച്ചുകൊണ്ട് ) കഷ്ടം, ഞാൻ നിന്നെ കരേപ്പിയ്ക്കും ചെയ്തു. (കണ്ണുനീർ തുടച്ചുകൊടുക്കുന്നു)
രോഹിണി: (സലജ്ജം) എന്നോടു അങ്ങിനെയൊക്കെ പറയ ഉണ്ടായിട്ടുണ്ട്. എനിക്ക് ഇഷ്ടാണെന്നും അദ്ദേഹത്തിന്നറിയാം. പക്ഷെ, അച്ഛനല്ലെ തീർച്ചയാക്കാൻ.
സൌദാമിനി: അതുതന്നെ ഞാൻ നിന്നെത്തിരി ബുദ്ധിമുട്ടിക്കാം എന്നുവെച്ചത്. മനസ്സിലിങ്ങിനെവെച്ച് കളിച്ചുകൊണ്ടിരുന്നാൽ മതിയോ. (സസ്മിതം) 'എനിയ്ക്കുന്മേഷല്യ... എനിയ്ക്കെന്തൊന്നറിഞ്ഞൂടാ' എന്നൊക്കെ പ്പറഞ്ഞിരുന്നാൽ ഇതെങ്ങട്ടാ എത്തുക?
രോഹിണി: അച്ഛൻ സമ്മതിക്കുംന്ന് തോന്ന്ണില്യ.
സൌദാമിനി: ഏ, എന്താ സമ്മതിയ്ക്കാതെ. ഇതിലും കവിഞ്ഞ ഒരു ജാമാതാവിനെ ആയിരിയ്ക്കുമോ പ്രതീക്ഷ?
രോഹിണി: അതല്ല; അച്ഛൻ വല്ലാത്തൊരു ആദർശനിഷ്ഠനല്ലെ. ഇദ്ദേഹത്തിന്ന്...
സൌദാമിനി: ആയ്. അതൊക്കെ വിഡ്ഢിത്തം. സംസ്കാരസമ്പന്നനായ ഒരു കവിയ്ക്ക് ആദർശമില്യ എന്നു വരുമോ? പക്ഷെ, അച്ഛന്റെ ആദർശത്തിൽനിന്നും അത് വിഭിന്നമായിരിക്കും. അതുകൊണ്ട് ജാമാതാവാവാൻ പറ്റില്ല എന്നു വിധിക്കുന്നത് വിഢ്ഢിത്തമല്ലെ? അതൊന്നും പേടിയ്ക്കണ്ട. എന്തായാലും അച്ഛൻ വിവേകമുള്ളാളാണ്. അതൊന്നും നിന്റെ ഭാരവുമല്ല, വിചാരിച്ച് വിചാരിച്ച് മനസ്സു പുണ്ണാക്കാൻ. പക്ഷേ, എന്താ കവിയുടെ ഉദ്ദേശം, ഇതിങ്ങിനെവെച്ച് നീട്ടിക്കൊണ്ടു പോകുന്നതില്?
രോഹിണി: (മിണ്ടാതെ നില്ക്കുന്നു)
സൌദാമിനി: പിന്നെയ്, കവി ഭ്രാന്തനാണ്. അനുരാഗഗീതങ്ങളും പാടിനടക്കാനാണ് അവർക്കധികം ഇഷ്ടമുണ്ടാവുക. ദാമ്പത്യം കുറേക്കൂടി യാഥാർത്ഥ്യത്തെ നേരിടേണ്ടിവരുന്ന ഒന്നാണ്. അതിലേയ്ക്ക് അവരെ പിടിച്ചിടുകതന്നെ വേണ്ടിവരും.
രോഹിണി: എന്നേക്കാളും ലജ്ജയാണ് ഇതൊക്കെ പുറമെ പറയാൻ.
സൌദാമിനി: (രോഹിണിയെ വിട്ട് സ്വസ്ഥാനത്തിരുന്ന് ചിരിച്ചുകൊണ്ട്) ശരിയാണ്. അങ്ങിനെയാണ് ഈ കൂട്ടരൊക്കെ. ഒരു തെരണ്ടിരിയ്ക്കുന്ന പെൺകിടാവിനേക്കാൾ നാണമുള്ള വല്ലതുമുണ്ടെങ്കിൽ അതൊരു കലാകാരന്റെ മനസ്സാണ്. ആട്ടെ, ഒരു കാര്യം ചെയ്യൂ. എന്റെ അടുത്തേയ്ക്കൊന്നയയ്ക്കു.
രോഹിണി: (ഒരാപത്തിനെ മണത്തറിഞ്ഞ പെൺമൃഗത്തിന്റെ നോട്ടം സൌദാമിനിയുടെ നേർക്കയക്കുന്നു. അവിടുത്തെ ഭാവം കണ്ട് ആശ്വസിച്ചിട്ട്) ഞാൻ പറഞ്ഞാൽ...
സൌദാമിനി: (ആ നോട്ടം കണ്ടില്ലെന്നു നടിച്ച് ) പേടിയ്ക്കണ്ട. ഏറ്റവും നിഭൃതതയിൽനിന്ന് ഒരനുരാഗത്തെ ഒരപരിചിതദൃഷ്ടിയിലേയ്ക്ക് വലിച്ചിടുന്നത് അതിന്നു ആരോഗ്യകരമാണ്. എന്നല്ല, വെളിച്ചത്തിലേക്ക് വികസിച്ചുവരാൻ അതൊരു പ്രചോദനവുമാവും. പിന്നെ നിനക്ക് വിശ്വസിച്ച് പറയാനും ആലോചിക്കാനും മറ്റൊരു സഖിയുമില്ലല്ലൊ. അതുകൊണ്ട് ഇന്നുതന്നെ പറയു, എന്നെ വന്നുകാണാൻ. പരിചയമില്ലാത്തതുകൊണ്ടാണ്, ഞാൻ ഒരു പെണ്ണല്ലെ, അങ്ങോട്ടുചെന്നു കാണാത്തത് എന്നു പറയൂ.
(ക്ലോക്ക് 12 അടിയ്ക്കുന്നു)
രോഹിണി: അയ്യോ, നേരം! അച്ഛനും കുട്ടികളും വരാറായി.
സൌദാമിനി: എന്നാൽ ഞാനിപ്പോൾ പോവ്വാണ്. (എഴുന്നേല്ക്കുന്നു)
രോഹിണി: (എഴുന്നേറ്റ് ) വരട്ടെ ഞാൻ ഒരു പാത്രം ചായ എടുക്കട്ടെ. അതെങ്ങനെ മറന്നു! അമ്മതന്നെയാണ് അതൊക്കെപ്പറഞ്ഞിട്ട് എന്നെക്കൊണ്ട് ഒക്കെ മറപ്പിച്ചത്. (തലമുടി കെട്ടിക്കൊണ്ട് പോവാൻ

ഭാവിയ്ക്കുന്നു)

സൌദാമിനി: (അവളെ തടഞ്ഞുനിർത്തി നിർന്നിമേഷയായി നോക്കിക്കൊണ്ട്) നില്ക്ക്, ഞാൻ ഒന്നുംകൂടി നിന്നെക്കാണട്ടെ. സത്യമായിട്ടും നീയിപ്പോൾ കുറേക്കൂടി മനോഹരിയാണ്. ഏതു ചായയേക്കാളും ഒരു നല്ല സല്ക്കാരമാണ് ഇത്. ഞാനത് അനുഭവിച്ചു മതിവന്നിട്ടില്ല. ഒരു നിമിഷംകൂടി നില്ക്കു. എനിക്ക് ചായ വേണ്ട. ഞാനത് പതിവുസമയത്തേ കുടിയ്ക്കൂ. പിന്നെ അച്ഛൻ വന്നാൽ താമസിക്കും. പലതും പറയേണ്ടിവരും. എനിയ്ക്കുമില്ലേ വീട്ടിൽ പണി? പിന്നെ നിന്റെ ചായ ഇങ്ങിനെയൊന്നും കഴിച്ചാൽ പോരാതാനും. (പോകുന്നു)

(രോഹിണി നിർന്നിമേഷയായി നില്ക്കുന്നു)

സൌദാമിനി: (തിരിഞ്ഞു ആലോചനാപൂർവ്വം) അല്ലെങ്കിൽ രണ്ടാളും കൂടി അങ്ങോട്ടു വരിൻ... എന്താ... സൌകര്യംപോലെ. (പോകുന്നു)

(രോഹിണി വിവശയായി കസേലയിൽ വീഴുന്നു മുഖം കൈകൊണ്ട് പൊത്തുന്നു)

(കർട്ടൻ)

**രംഗം 3**

ണ്മമാസ്റ്ററുടെ വീട്; വൈകുന്നേരം. മാസ്റ്റർ ഒരു കസേലയിൽ ഇരിയ്ക്കുന്നു. മകൾ അടുത്തുനിന്ന് വീശിക്കൊടുക്കുന്നു. രംഗത്തിൽ 3 കുട്ടികൾ. പൂക്കൾ മൊച്ചിങ്ങ മുതലായ കളിസ്സാമാനങ്ങൾ അവിടവിടെ ചിതറിക്കിടക്കുന്നു. കർട്ടൻ പൊന്തുമ്പോൾ മൂത്തവൻ എഴുന്നേറ്റ് അകത്തേയ്ക്കു പോകുന്നു. പിന്നാലെതന്നെ മറ്റുരണ്ടുപേരും കയ്യിൽ പലസാധനവും വാരിപ്പിടിച്ചുകൊണ്ട് പോകുന്നു. സംഭാഷണമദ്ധ്യത്തിൽ കർട്ടൻ പൊന്തുന്നു.ന്ന

മാസ്റ്റർ: ആവട്ടെ. രണ്ടണ, അല്ലെങ്കിൽ ഒന്നരണ. നിന്റെ നൂൽപുകൊണ്ട് കിട്ടുന്ന ഈ ഒരണയുടെ സാമ്പദികമായ - എന്നുവെച്ചാൽ പണം എന്ന നിലക്കുള്ള - അർത്ഥം തികച്ചും നിനക്ക് മനസ്സിലായിട്ടുണ്ടോ? ഇല്ലെന്ന് എനിക്കു തോന്നുന്നു. എന്റെ ചുരുങ്ങിയ വരവുകൊണ്ട് അവർക്ക് വിളമ്പിക്കൊടുക്കാൻ കഴിയുന്ന കുറച്ചു ചോറിന്റെയും ഒരു സമ്മന്തിയുടെയും കൂട്ടത്തിൽ അവർക്കു സ്വാദുള്ള, അവർക്കു പോഷണം കൊടുക്കുന്ന കുറച്ചു പച്ചക്കറിക്കൂട്ടാൻകൂടി, അല്ലെങ്കിൽ, ഇത്തിരി മോരുകൂട്ടി അതുകൂട്ടിച്ചേർക്കുകയാണ്. ഞാൻ തുന്നിച്ചുകൊടുക്കുന്ന പരുക്കൻ കുപ്പായത്തിന്റേയും കുട്ടിക്കാലുറയുടേയും കൂട്ടത്തിൽ ഇടയ്ക്ക് അവർക്കൊരുല്ലാസം വേണമെന്നു തോന്നുമ്പോൾ എടുത്തിടാനുള്ള ഒരു പച്ചക്കുപ്പായം തുന്നിച്ചുകൊടുക്കലാണ്. നിനക്കുതന്നെ ഏറ്റവുമധികം കൌതുകം തോന്നിപ്പോകുന്ന എന്തെങ്കിലുമൊന്ന് സ്വന്തമായി വാങ്ങിവെയ്ക്കാൻ കഴിവുണ്ടാവുകയാണ്. ഇപ്പോൾ എങ്ങിനെ, നിസ്സാരമാണോ ആ ഒന്നരഅണ.

രോഹിണി: അതേ അച്ഛാ, എന്നാലും ശ്ശി പണിയെടുത്ത് ഒരു ഭാഗത്ത് ഇരിക്കേണ്ട നേരത്ത് ഒരു പുസ്തകം വായിക്കാനല്ലാതെ നൂലുനൂൽക്കാൻ എനിക്ക് തോന്ന്ണില്ല.

മാസ്റ്റർ: ശരി, വായന നല്ലതാണ്; പക്ഷെ, അതിലും നല്ലതാണ് പണി. വായന നിന്നെ എന്താക്കിത്തീർക്കുമെന്ന് വായിയ്ക്കുന്ന പുസ്തകത്തിന്റെ കഴിവിനെ ആശ്രയിച്ചിരിയ്ക്കുന്നു. എന്നാൽ പണിക്കാവട്ടെ അങ്ങിനെയൊരു പരാപേക്ഷ, എന്നുവെച്ചാൽ മറ്റൊന്നിനെ ആശ്രയിച്ചിട്ടല്ല എന്നർത്ഥം - പരാപേക്ഷ തീരെ വേണ്ട. പ്രവൃത്തി എപ്പൊഴും ഒരാളെ ഉൽക്കൃഷ്ടതയിലേയ്ക്കേ നയിയ്ക്കു.

രോഹിണി: അപ്പോ അച്ഛാ, വിശ്രമം വേണ്ടേ ഒരാൾക്ക്? കൊറെ അടുക്കളപ്പണി - അതുകഴിഞ്ഞാൽ നൂൽപ്പുപണി -

മാസ്റ്റർ: വിശ്രമം വേണം; തീർച്ചയായും വേണം. എന്നല്ല കർമ്മത്തെപ്പോലെത്തന്നെ ആവശ്യമാണ് വിശ്രമവും. നമ്മൾ എല്ലാവരും വിശ്രമിക്കണം. അതിന്നല്ലേ ഉറങ്ങുന്നത്. അതാണ് ശരിയായ വിശ്രമം; ദൈവം അനുവദിച്ച വിശ്രമം. നൂൽപ് മറ്റു പ്രവൃത്തികളെ അപേക്ഷിച്ച്, പക്ഷേ വായനയെ അപേക്ഷിച്ചുപോലും കൂടുതൽ ശ്രമഹരമാണല്ലോ.

രോഹിണി: (മിണ്ടാതെ നില്ക്കുന്നു)

മാസ്റ്റർ: എന്താ നീ ആലോചിക്കുന്നത്?

രോഹിണി: വിശ്രമം എന്നല്ല ഞാൻ പറയേണ്ടീരുന്നത്. എന്താ അതിന് പറയേണ്ടത്... കളിയ്ക്കുക. ആ അതൊക്കെത്തന്നെ.

മാസ്റ്റർ: ആ. ശരി. വിഹാരം. മനുഷ്യന്ന് ആഹാരവും നിദ്രയും പോലെത്തന്നെ അത്യാവശ്യമാണ്. അതേ, അതുകൊണ്ടുതന്നെയാണ് ഞാൻ നിന്നോട് നൂൽനൂൽക്കാൻ ആവശ്യപ്പെടുന്നത്. നീ യാതൊരു കളിയിലും ഏർപ്പെടുന്നില്ല. നിനക്ക് സമപ്രായകളായ കുട്ടികളെക്കാൾ അധികമുണ്ട് കുടുംബഭാരം. അപ്പോൾ നീ കളിയ്ക്കണം. നീ തീരെ കളിക്കുന്നില്ല. അതു വേണം. അതാണ് നൂൽനൂൽപ് .

രോഹിണി (ചിരിക്കുന്നു)

മാസ്റ്റർ: എന്തേ നിനക്കു മനസ്സിലായില്യ. ഞാൻ സത്യമാണ് പറയുന്നത്. നൂല്പ് ഒരുൽകൃഷ്ടമായ കർമ്മമാണ്; അതുപോലെത്തന്നെ അത്യുൽക്കൃഷ്ടമായ ഒരു വിഹാരവുമാണ്. ഇതരകർമ്മങ്ങളെ അപേക്ഷിച്ച് ഇത് ലഘുശ്രമമാണ്, എന്നുവെച്ചാൽ കനം കുറഞ്ഞ പണിയാണ്. വിഹാരവും അങ്ങിനെത്തന്നെയാണല്ലോ. നൂല്പ് മറ്റു പ്രവൃത്തികളെപ്പോലെ മനസ്സുമടുപ്പിക്കുന്നില്ല ; പ്രത്യുത ആ ചർക്കയുടെ സാന്ദ്രഗീതവും പരുത്തിയുടെ വെണ്മയും സർവ്വതോപരി നൂലൊഴുകിവരുന്നതിന്റെ നിസർഗ്ഗസൌന്ദര്യം നമ്മെ ആഹ്ലാദിപ്പിച്ചുകൊണ്ടേ ഇരിക്കുന്നു. ഇതിന്നു തുല്യമായ മറ്റൊരു വിഹാരമുണ്ടോ?

രോഹിണി: അച്ഛാ...

മാസ്റ്റർ: പിന്നെ. നൂലിന്റെ സാമ്പദികവശത്തെപ്പറ്റി ഞാൻ പറഞ്ഞു. അതിന്ന് ഒരാത്മീയവശമുണ്ട്... ആരാ വരുന്നത്? (രോഹിണി നോക്കുന്നു. മാധവമേനോൻ വരുന്നതായി കാണുന്നു. വീശിക്കൊണ്ടിരിയ്ക്കുന്ന വിശറി അച്ഛന്റെ കഷണ്ടിമണ്ടയിൽ തട്ടുന്നു. വേഗം കൺവലിച്ച് അവൾ സസ്നേഹം തലോടുന്നു.) അത് അസിസ്റ്റന്റ് മാസ്റ്ററാണ്,

(മാധവമേനോൻ പ്രവേശിക്കുന്നു)

മാസ്റ്റർ: (രോഹിണിയോട് ) എന്നാൽ നീ അകത്തേയ്ക്കു പോയ്ക്കോ. (മാധവമേനോനോട് ) ഇരിയ്ക്കു, മാസ്റ്ററേ.

(മാധവമേനോനും രോഹിണിയും പ്രേമമസൃണമായ കടാക്ഷങ്ങളെ കൈമാറുന്നു, രോഹിണി അകത്തേയ്ക്കു പോകുന്നു.)

മാധവമേനോൻ: (ഇരുന്ന്) ഞാൻ ഇന്നലെത്തന്നെ ഹെഡ്മാസ്റ്ററെ കാണണമെന്നു വെച്ചിരുന്നു.

മാസ്റ്റർ: എന്തേ, മാസ്റ്റർക്ക് ഈ മാസത്തിൽ ഇനിയും അഡ്വാൻസു വേണോ? എന്താ സേർ, ഇങ്ങിനെയായാൽ നിങ്ങൾക്ക് സാമ്പദികമായ ഒരു പ്ലാൻ ഇല്ലെന്നാണ് തോന്നുന്നത്.

മാധവമേനോൻ: ഇത്തവണ അഡ്വാൻസിന്നല്ല പക്ഷെ, ഹെഡ്മാസ്റ്റർ പറഞ്ഞതുപോലെ എനിക്ക് ഒരു പരിപാടി ഇല്ലായ്കയി ല്ല; പക്ഷേ അതൊരു പുതിയ മാതിരിയിലാണെന്നേയുള്ളു.

മാസ്റ്റർ: സേർ, അതെന്താണ് ഒരു പുതുമ. അഥവാ നിങ്ങൾക്ക് ഏതിനുമുണ്ടല്ലോ ഒരു പുതുമ.

മാധവമേനോൻ: വരവുചിലവുകളെ സംബന്ധിച്ച് എനിക്ക് സ്വന്തമായി ഒരു സിദ്ധാന്തമുണ്ട്. ഞാൻ അതിന്റെ പരീക്ഷണത്തിൽ ഏർപ്പെട്ടിരിക്കയാണ്. ആ സിദ്ധാന്തത്തിന്നനുസരിച്ചാണ് എന്റെ പരിപാടി രൂപവൽക്കരിച്ചിട്ടുള്ളത്.

മാസ്റ്റർ: ഓഹോ, അപ്പോൾ നിങ്ങൾ ലോകത്തിന്നൊരുപുതിയ – മാർക്സിത്തേക്കാൾ പുതിയ – ഒരു സാമ്പദിക സിദ്ധാന്തം കൊടുക്കാൻ പോകുന്നു. ആഃ അങ്ങിനെയോ!

മാധവമേനോൻ: സേർ, മാക്സിസത്തോടൊന്നും തട്ടിച്ചുനോക്കാൻ വയ്യ. അതൊരു പരിഹാസമാവും എന്നല്ല, ഇതാകട്ടെ ഒരു രാഷ്ട്രത്തിന്ന് കൈക്കൊള്ളാനുള്ളതല്ല; ഇന്നത്തെ പരിതസ്ഥിതിയിൽ ഓരോ വ്യക്തിക്കും പിൻതുടരാനുള്ളതുമാണ്.

മാസ്റ്റർ: എന്നാലും കേൾക്കട്ടെ സേർ. അതു വളരെ ഭദ്രമായിരിക്കാൻ വഴിയില്ലെന്നു ഞാൻ ഭയപ്പെടുന്നു. ന ിങ്ങളെക്കൊണ്ട് ഇടയ്ക്കിടയ്ക്ക് അഡ്വാൻസു വാങ്ങിയ്ക്കുന്നതു കാണുമ്പോൾ.

മാധവമേനോൻ: സേർ, അതുകൊണ്ട് എന്റെ സിദ്ധാന്തത്തെ അളക്കേണ്ട. എന്നല്ല, അഡ്വാൻസ് വാങ്ങേണ്ടിവരിക എന്നതും അതുപോലെ മറ്റുപലതും എന്റെ സിദ്ധാന്തത്തിന്റെ ഒഴിച്ചുകൂടാത്ത ചില ലക്ഷണങ്ങളുമാണ്.

മാസ്റ്റർ: രസമുണ്ട്. എന്തായാലും അതൊന്നു വിവരിയ്ക്കൂ. ഏതുനിലക്കും അത് മനുഷ്യനെ സമൃദ്ധിയിലേയ്ക്ക് നയിയ്ക്കുന്ന ഒന്നായിരിക്കുമെന്ന് എനിയ്ക്കുറപ്പുണ്ട്. ലഘുജീവിതത്തിന്ന് എതിർവശത്തു നിൽക്കുന്നവരാണല്ലോ നിങ്ങളൊക്കെ...

(ഒരു ചിടുങ്ങൻ ഓടിവന്ന് മാസ്റ്ററുടെ അടുത്തു നിൽക്കുന്നു) എന്താ നിനക്ക് വേണ്ടത്?

(രോഹിണി ചിരിച്ചുകൊണ്ട് പിന്നാലെ വരുന്നു)

രോഹിണി: കുളിപ്പിക്കാൻ വിളിച്ചപ്പോൾ എന്നെ തോല്പിക്കാൻ വന്നുനിൽക്ക്വാ. (വന്നു കുട്ടിയുടെ കൈയ്ക്കു പിടിക്കുന്നു)

മാസ്റ്റർ: പോ - പോയിക്കുളിക്ക് - (രോഹിണി അവനെ പിടിച്ചുകൊണ്ടുപോകുന്നു. അവളും മാധവമേനോനും പരസ്പരം നോക്കി പുഞ്ചരിയിടുന്നു.)

മാധവമേനോൻ: (ആലോചിച്ച് ) അപ്പോൾ എന്തേ പറഞ്ഞത് എന്റെ പുതിയ സിദ്ധാന്തം പ്രായോഗികമായി വരുന്നപക്ഷം മനുഷ്യന്ന് സമൃദ്ധിയിലേയ്ക്ക് മാർഗ്ഗദർശമാകുമെന്നാണ് എന്റെ പക്ഷം. എന്നാൽ അത് കമ്മ്യൂണിസ്റ്റുകാരുടെ ദുരപോലെ യന്ത്രത്തെക്കൊണ്ട് പണിയെടുപ്പിച്ച് 20 മണിക്കൂർ സുഖിയ്ക്കാമെന്നുള്ളതല്ല. മണിക്കൂറിനെ സംബന്ധിച്ച് യാതൊരു പരിമിതിയും ഇല്ലാത്തതാണ്. ഒരാൾ ഏറ്റവുമധികം പണിയെടുക്കേണ്ടിവരും. ഒരാൾ വളരെ കുറച്ചാവാം. ആവശ്യം പോലെ. ചുരുക്കത്തിൽ ആവശ്യമാണ് ഇവിടെ മാനദണ്ഡം.

മാസ്റ്റർ: എന്തായാലും ഇത് മാക്സിസത്തിന്റെ സഹോദരനാണ്.

മാധവമേനോൻ: നിൽക്കട്ടെ മാർക്സിസത്തോട് ചാർച്ചയുള്ളതെന്തും ആഭാസമായിക്കൊള്ളണമെന്നില്ല.

മാസ്റ്റർ: ശ്രീൽല്ലണ ണ, തുടരു. ഞാൻ മുൻകൂട്ടി വിധിയെഴുതുന്നില്ല. അപ്പോൾ ആവശ്യമാണ് മാനദണ്ഡം.

മാധവമേനോൻ: അതേ. ആവശ്യങ്ങളെ എന്നല്ല ഒന്നിനേയും - പക്ഷേ വെട്ടിക്കുറക്കുക എന്ന പദങ്ങളെയല്ലാതെ മറ്റൊന്നിനേയും - വെട്ടിക്കുറയ്ക്കാതിരിയ്ക്കുക.

മാസ്റ്റർ: എന്നിട്ട്?

മാധവമേനോൻ: എന്നിട്ട് ആവശ്യങ്ങളെ സമീകരിയ്ക്കുവാൻ ആയത്തെ വർദ്ധിപ്പിക്കുക.

മാസ്റ്റർ: ഹ,ഹ,ഹ. അതായത് ആയത്തെ വെട്ടിവർദ്ധിപ്പിക്കുക! ഹ,ഹ,ഹ. എങ്ങിനെ?

മാധവമേനോൻ: എങ്ങിനെ? തീർച്ചയായിട്ടും കൂടുതൽ അദ്ധ്വാനംകൊണ്ട്.

മാസ്റ്റർ: (ആലോചനാമഗ്നനാകുന്നു)

മാധവമേനോൻ: നിങ്ങളുടെ ലഘുജീവിതം മനുഷ്യനെ പുരോഗതിയ്ക്കു മുമ്പിൽ വിലങ്ങു വെപ്പിയ്ക്കുന്നു. നിങ്ങളുടെ 10 ക. ശമ്പളക്കാരൻ അവന്റെ ആവശ്യങ്ങളെ പത്തുറുപ്പികക്ക് ഒപ്പിച്ച് വെട്ടിച്ചുരുക്കുകയും ക്രമേണ അവൻ അതിൽ അലംഭാവം കൊള്ളുകയും ചെയ്യുന്നു. അങ്ങിനെ, ലോകാവസാനംവരെ 10 ഉറുപ്പിക ശമ്പളക്കാരന്മാരുടെ ഒരു പട്ടിണിപ്പട്ടാളം സ്വന്തം പാരമ്പര്യത്തെ പുലർത്തിവരുന്നു! ഇതിനെപ്പറ്റി ഗാന്ധിയൻ തത്വജ്ഞാനം മൂകമാണ്.

മാസ്റ്റർ: അവർക്കതിൽ അലംഭാവമുണ്ടാവുമെന്ന് നിങ്ങൾ സമ്മതിയ്ക്കുന്നല്ലോ!

മാധവമേനോൻ: തൊഴുത്തിൽ കെട്ടിക്കിടക്കുന്ന ഒരു പശു അതിന്റെ ജീവിതത്തിൽ അലംഭാവമുള്ളതാണ്, ഒരു പിടിവൈക്കോലും ഒരു തൊട്ടി വെള്ളവും കിട്ടുന്ന കാലത്തോളം അഴിച്ചുവിട്ടാലും അതവിടെ വന്നു മളുയുന്നു. അതുപോലെ - പക്ഷേ, ഇന്ത്യയുടെ ചിരന്തനമായ അടിമത്തത്തിൽ ഒരു സാധാരണ പൌരനും സാധാരണ കാലങ്ങളിൽ അലംഭാവം കൊള്ളുന്നുണ്ടെന്ന് സമ്മതിക്കേണ്ടിവരും. നിങ്ങളെന്തിന്ന് സ്വാതന്ത്ര്യഗീതങ്ങളെക്കൊണ്ടും ബ്രിട്ടീഷ്മേധാവിത്വ ഭത്സനങ്ങളെക്കൊണ്ടും അവരുടെ പാവനമായ അലംഭാവത്തെ ആട്ടിയോടിയ്ക്കുന്നു!

മാസ്റ്റർ: അതു കുറെ കടന്നുപോയി, സേർ. ആവശ്യമെന്നു ഗാന്ധിയൻ ശാസ്ത്രം പറയുമ്പോൾ അത് മനുഷ്യന്റെ പ്രാഥമികവും ധാർമ്മികവുമായ ആവശ്യങ്ങളെ മുഴുവൻ മുമ്പിൽ വെച്ചുകൊണ്ടാണ്

മാധവമേനോൻ: ശരി; ആയത്തെ വർദ്ധിപ്പിയ്ക്കണമെന്നു ഞാൻ പറയുമ്പോൾ അത്രയും ഉത്തമവിശ്വാസത്തോടുകൂടിത്തന്നെ ഞാനുദ്ദേശിക്കുന്നത്, നീതിനിഷ്ഠവും - ദൈവത്തിന്റെ തുലാസ്സിൽ - സാന്മാർഗ്ഗികവും - സുവിശാലമായ വീക്ഷണത്തിൽ - ആയ മാർഗ്ഗങ്ങളിലൂടെയുള്ള ആയത്തേപ്പറ്റിയാണ്.

മാസ്റ്റർ: ശരി; ഒരു സ്ക്കൂൾമാസ്റ്ററുടെ വരവിനെ നിങ്ങൾ എങ്ങിനെയൊക്കെയാണ് വർദ്ധിപ്പിക്കുക?

(രോഹിണി പ്രവേശിച്ച് രണ്ടുപാത്രം ചായ മേശപ്പുറത്തു വെയ്ക്കുന്നു. ഒരു കടാക്ഷംകൊണ്ട് സ്വാദുകൂട്ടിയ മന്ദസ്മിതത്തെ മാധവമേനോന്നു സൽക്കരിയ്ക്കുന്നു. മാധവമേനോൻ എല്ലാം വിസ്മരിച്ച് ഒരു ചിന്താക്കുഴപ്പത്തിൽ പെട്ടിരിക്കുന്നു.)

മാസ്റ്റർ: ചായ കഴിയ്ക്കു. പിന്നെ, ശരി. ഒരുസ്ക്കൂൾമാസ്റ്ററുടെ വരവിനെ നിങ്ങൾ എങ്ങിനെയൊക്കേയാണ് വർദ്ധിപ്പിക്കുക?

മാധവമേനോൻ: അതോ – പിന്നെ (പരുങ്ങുന്നു. ചായ എടുത്തു അല്പം കുടിയ്ക്കുന്നു. രോഹിണി പോയവഴിയ്ക്ക് നോക്കിയിരിയ്ക്കുന്നു.)

മാസ്റ്റർ: എന്താ, പഞ്ചസാര വേണമോ?

മാധവമേനോൻ: വേണ്ട, വേണ്ട. ധാരാളം മതി. അപ്പോൾ ഞാൻ ആലോചിയ്ക്കയായിരുന്നു. നമുക്ക് ഈ സംഭാഷണം പിന്നെതുടരാം. നേരം അതിക്രമിക്കുന്നു. ഞാൻ വന്നകാര്യം പറഞ്ഞുമില്ല.

മാസ്റ്റർ: ഓ, ശരി. അങ്ങിനെയാട്ടെ. കാര്യം നടക്കട്ടെ. എന്താവിശേഷിച്ച്?

മാധവമേനോൻ: എന്റെ സിദ്ധാന്തം മാസ്റ്ററെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിരുന്നെങ്കിൽ, ഉറപ്പിച്ചിരിക്കാമായിരുന്നു എന്റെ ദൌത്യം വിജയപ്രദമാകുമെന്ന്. ഏതായാലും പറയാം. ഞാൻ സൌദാമിനിഅമ്മയെ കണ്ടിരുന്നു

മാസ്റ്റർ: ആര്, ആ ഖാദിപ്രവർത്തകയോ? ഓ, വളരെ നല്ലൊരമ്മയാണെന്നു കേട്ടിട്ടുണ്ട്. അവർക്ക് എന്തു വേണമത്രെ?

മാധവമേനോൻ: അവർക്ക് ഒന്നും വേണ്ട. അവർക്ക് മാസ്റ്ററുടെ കുടുംബസ്ഥിതികളൊക്കെ അറിയാം. ഇവിടുത്തെ രോ- രോഹിണിയുടെ അദ്ധ്യാപികയോ മറ്റോ ആണല്ലൊ.

മാസ്റ്റർ: അവരാണ് ഇവളെ നൂല്പ് പഠിപ്പിച്ചത്. ദയയുള്ള ഒരമ്മയാണെന്ന് അവൾ പറയാറുണ്ട്. ഞങ്ങൾക്ക് നേരിട്ടു പരിചയമില്ലെന്നേയുള്ളു.

മാധവമേനോൻ: മെ. നരാങ്ങ് കമ്പനിക്കാർക്ക് ഒരാഫീസ് മാനേജരെ വേണം. 100–5–150 ആണ് സ്കെയിൽ. മാസ്റ്റർക്ക് ആ പോസ്റ്റ് സ്വീകരിച്ചുകൂടെ? അവർ അതിന്നുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

മാസ്റ്റർ: (ആലോചനാമഗ്നനാകുന്നു. എഴുന്നേറ്റു ലാത്തുന്നു. ഇടയ്ക്ക് മാധവമേനോൻ വിട്ടുവിട്ടു പറഞ്ഞുകൊണ്ടിരിക്കുന്നു.)

മാധവമേനോൻ: അവർ ഇത്ര നല്ലൊരു സ്ത്രീയാണെന്ന് ഞാൻ മുമ്പു ധരിച്ചിരുന്നില്ല... പക്ഷെ, വളരെ ക്ലേശം സഹിച്ചിരിയ്ക്കും... അത്ഭുതകരമായിരിക്കുന്നു അവരുടെ സ്വാധീനത. പക്ഷേ, പൊതുപ്രവൃത്തികൊണ്ട് കൈവന്നതായിരിക്കാം... പലപ്പോഴും ജനങ്ങളുടെ വാക്ക് നമ്മെ വഴിതെറ്റിയ്ക്കുന്നു. മറിച്ചാണ് ആ സ്ത്രീയെപ്പറ്റി ഞാൻ മനസ്സിലാക്കിയിരുന്നത്... അഥവാ, അറിയാതെ എന്തെല്ലാം പാപങ്ങൾ ചെയ്തുപോകുന്നു... എന്തായാലും, അവരിലാണ് ഞാൻ മനുഷത്വത്തിന്ന് ഒരു പരിവേഷം കണ്ടെത്തിയത്.

മാസ്റ്റർ: (തിരിഞ്ഞുനിന്ന്) സർ, ഞാൻ വ്യസനിയ്ക്കുന്നു. എനിയ്ക്കു സ്വീകരിയ്ക്കാൻ നിവൃത്തിയില്ല.

മാധവമേനോൻ: (എഴുന്നേറ്റ് ) എന്ത്!

മാസ്റ്റർ: അതേ, ഞാൻ ആലോചനകൂടാതെ പറയുകയല്ല. എന്റെ എല്ലാ വിഷമതകളേയും മനുഷ്യസഹജമായ അഭീപ്സിതങ്ങളേയും മുമ്പിൽവെച്ച് നല്ലവണ്ണം നോക്കിക്കണ്ടുകൊണ്ടുതന്നെയാണ് ഈ തീരുമാനത്തിലെത്തിയത്. എനിയ്ക്കറിയാം, ഏറ്റവും വിലപിടിച്ച ഒരു സമ്മാനമാണ് മിസ് സൌദാമിനി അമ്മ എനിയ്ക്ക് സമ്പാദിച്ചുകൊണ്ടുവന്നതെന്ന്. അവരുടെ വിശാലമനസ്കതയേയും കാരുണ്യത്തേയും ഞാൻ മനസ്സിലാക്കുന്നുണ്ട്; എന്റെ കൃതജ്ഞത വഴിഞ്ഞൊഴുകുന്നുണ്ട്. പക്ഷെ, ഇതൊക്കെയായാലും എനിയ്ക്കതു സ്വീകരിച്ചുകൂടാ എന്നായിരിയ്ക്കുന്നു

മാധവമേനോൻ: എന്താ മാസ്റ്റർക്കുള്ള വിഷമതകൾ ഇതു സ്വീകരിയ്ക്കുന്നതിന്ന് എതിരായിട്ട്?

മാസ്റ്റർ: പറയാം. നിങ്ങൾക്കതു മനസ്സിലാവും. സാധാരണക്കാരൻ അതിനെ ഭ്രാന്തെന്നേ പറയൂ. പക്ഷേ ചിലർ ആദർശഭ്രാന്തെന്നും. അതുരണ്ടും ശരിയല്ല. ഞാൻ വിചാരഗതിയുടെ ഒരു ഉപരിപ്ലവത്വത്തിലും പെട്ടിട്ടില്ല. നോക്കൂ, ഞാനൊരദ്ധ്യാപകനാണ്, 25 കൊല്ലമായിട്ട് അദ്ധ്യാപകവൃത്തി എന്റെ മനസ്സിലും ആത്മാവിൽപ്പോലും എന്നുപറയട്ടെ, കുഴിഞ്ഞ ചാലുകൾ ഉണ്ടാക്കിക്കഴിഞ്ഞിരിയ്ക്കുന്നു.

ജീവിതത്തിന്റെ ഈ സായാഹ്നത്തിൽ വെച്ച് എനിയ്ക്കതിൽനിന്നു വിട്ടു പോരാൻ വയ്യ. അദ്ധ്യാപകവൃത്തിക്ക് അതിന്റേതായ എല്ലാ അവശതകളുമുണ്ട്. പണമില്ല, പദവിയില്ല. എങ്കിലും അത്തരം ക്ലേശങ്ങൾ സഹിച്ചുകൊള്ളണമെന്ന് പ്രതീക്ഷിയ്ക്കപ്പെട്ടിരിയ്ക്കുന്നു. തലമുറികളിലേക്ക് വെളിച്ചം എത്തിക്കുക - ഈ കടമ ദൈവത്തിന്റെ മുമ്പാകെവെച്ച് ഏറ്റുവാങ്ങിയ ഒരാളാണ് അദ്ധ്യാപകൻ എന്നു ഞാൻ വിശ്വസിക്കുന്നു. ആ വിശ്വാസത്തിന്നാകട്ടെ കാൽനൂറ്റാണ്ടുകാലത്തെ വേർപിടുത്തവുമായി. (നിശ്ശബ്ദം ചുറ്റിനടക്കുന്നു)... മുമ്പു പറഞ്ഞപോലെ ഞാൻ ഒരു കണക്കിൽ തൊഴുത്തിലെ പയ്യാണ്. എന്റെ ആവശ്യങ്ങൾ - പ്രാഥമികാവശ്യങ്ങളിൽ പലതുപോലും - വെട്ടിക്കുറച്ചു കഴിഞ്ഞിരിക്കുന്നു. എന്നല്ലാ, ആ മൃഗത്തോടൊപ്പം എനിയ്ക്കും ഒരലംഭാവം വന്നു കഴിഞ്ഞു. അതു നന്നല്ല. എങ്കിലും, അതിൽനിന്ന് അശാന്തിയിലേയ്ക്ക് വീണ്ടും കുതിച്ചുകയറാൻ എനിയ്ക്കിപ്പോൾ ശക്തിയില്ല. ഞാൻ വൃദ്ധനാണ്.

മാധവമേനോൻ: കുട്ടികളുടെ പേരിലെങ്കിലും മാസ്റ്റർ ഇതിനെപ്പറ്റി ഒരു പുനരാലോചന ചെയ്യില്ലേ?

രോഹിണി: (പ്രവേശിച്ച്) അച്ഛാ, കുട്ടികൾക്കുവേണ്ടിയെങ്കിലും അച്ഛൻ അതു സ്വീകരിക്കില്ലെ? (സോൽക്കണ്ഠം അച്ഛനെ നോക്കിനില്ക്കുന്നു)

മാസ്റ്റർ: (ചിന്താമഗ്നനായി ലാത്തുന്നു. തിരിഞ്ഞുനിന്ന്) അതേ, കുട്ടികൾ! ജീവിതകാലം മുഴുവനും ആരുടെ പേരിൽ ഞാൻ നിഷ്കളങ്കനായി പ്രവൃത്തി ചെയ്തു പോന്നിട്ടുണ്ടോ ആ ഈശ്വരൻ അവരെ കൈവെടിയില്ല. പിന്നെ നീ... ആഢംബരങ്ങളെ വർജ്ജിക്കാനും ലഘുജീവിതത്തെ വരിക്കാനും ഞാൻ നിനക്കു തന്നിട്ടുള്ള പാഠങ്ങൾ വെറുതെയാവാൻ പാടില്ല... ലോകം എന്നെ മാസ്റ്റർ നാരായണമേനോനായിട്ടേ അറിയൂ. ഞാൻതന്നെ എന്നെ അന്നിലയ്ക്കേ അറിയൂ. ഞാൻ അതല്ലാതാവുക എന്നുവെച്ചാൽ, ഞാൻ ഇല്ലാതാവുകയാണ്. അത്രവലിയ ഒരു പരിവർത്തനം ഞാൻ സ്വീകരിക്കണമെന്ന് നീ ആഗ്രഹിക്കുന്നുണ്ടോ!

(രോഹിണിയും മാസ്റ്ററും അഭിമുഖമായിനോക്കുന്നു)

രോഹിണി: അച്ഛാ...

(കർട്ടൻ)

**രംഗം 4**

സൌദാമിനി അമ്മയുടെ വീട്ടിന്റെ പൂമുഖം. പകൽ 11 മണി. രണ്ടു കസേലകൾ മാത്രം. കർട്ടൻ പൊന്തുമ്പോൾ മാധവമേനോൻ കാത്തുനിൽക്കുകയും ഉലാത്തുകയും ചെയ്യുന്നു. ഗോപാലൻ പ്രവേശിക്കുന്നു.

ഗോപാലൻ: (കസേല നീക്കി പൊടിതുടച്ച് ഇട്ടുകൊടുത്തിട്ട്) ഇരിക്കിൻ മേനനേ, (ആലോചിച്ച്) ആ...പ്രഭാകരൻനായർ വരുന്നതുവരെ....അല്ലെങ്കിൽ അമ്മ...ഇപ്പൊ വരും... എന്നാപ്പിന്നെ സാരല്യ... അല്ലെങ്കില്... അല്ലെങ്കിലെന്താ നിങ്ങക്കും വയ്യേ ഒരു കയ്യ് നോക്കാൻ. (മാധവമേനോൻ താഴത്തിടുന്ന സിഗരറ്റുകുറ്റി എടുത്തുവലിച്ച് സദസ്സിലേക്കു നോക്കി വായ നല്ലവണ്ണം തുറന്നു പുകവിടുന്നു)

മാധവമേനോൻ: (സഗൌരവം) എന്താടാ നീ പറയുന്നത്? എന്താ പ്രഭാകരൻനായർക്ക്? സൌദാമിനി അമ്മ എവിടെ?

ഗോപാലൻ: അമ്മ തിരിപ്പിയ്ക്കാൻ പോയ്ര്ക്കുണു. (കയ്യുകൊണ്ടു ചർക്ക തിരിക്കുന്നത് കാണിച്ചിട്ട്) തിരിപ്പിയ്ക്കാൻ. തിരിപ്പൊക്കെക്കഴിഞ്ഞ് ഇപ്പൊ വരും. പിന്നെ പ്രഭാകരൻനായർ പറഞ്ഞിട്ടുണ്ട് നിങ്ങളെവ്ടെക്കണ്ടാ, ഒരു കയ്യ് നോക്കുംന്ന്.

മാധവമേനോൻ: എന്താടാ അത്. പ്രഭാകരൻനായർ എന്നെക്കണ്ടാൽ ഒരുകയ്യ് നോക്കുകയോ? ആരോടു പറഞ്ഞു?

ഗോപാലൻ: ആയാള് ദാമിനീന്ന് വിളിക്കണ ഒരാളോട് (പതുക്കെ) നിങ്ങള് 'സൌ'ന്ന് വിളിക്കണ ഒരാളോടും.

മാധവമേനോൻ: (സഗൌരവം) ഗോപാലാ,-

ഗോപാലൻ: എന്താ മേനനെ,
മാധവമേനോൻ: ഞാൻ നിന്റെ കളി കാണാൻ വന്നതല്ല.
ഗോപാലൻ: അല്ലല്ലോ മേനനെ. ഞാനല്ലലോ നിങ്ങടെ മുമ്പില് കളിയ്ക്കാൻ. പക്ഷെ ഇന്ന് നിങ്ങൾ പ്രഭാകരൻനായര്ടെ മുമ്പില് ഒരു കളികളിയ്ക്കും. ഓൻ ഒരു ഫയൽമേനാണ്. (മീശ തിരുമ്പുന്നതായി കാണിയ്ക്കുന്നു)
മാധവമേനോൻ: (കസേലയിൽനിന്ന് എഴുന്നേറ്റ് ദേഷ്യപ്പെട്ട് ) നീ കാര്യം പറയുന്നോ, കളിയ്ക്കാതെ. തെമ്മാടി–
ഗോപാലൻ: എന്നാ പിന്നെക്കാണാം മേനനെ. എനിക്ക് അമ്മ വരുമ്പോഴെക്ക് കുറെ പണിയൊക്കെ ഒരുക്കാനുണ്ട്. (പോകുന്നു)
മാധവമേനോൻ: (ദേഷ്യത്തോടുകൂടി നോക്കി നിൽക്കുന്നു. പിന്നെ അങ്ങോട്ടുമിങ്ങോട്ടും ലാത്തുന്നു.) അപ്പോൾ ഇതായോ എന്റെ നില? വാലിയക്കാരന്നുപോലും അപഹാസപാത്രം. ഇന്നെന്തൊരു ദുർദ്ദിനമപ്പാ. സൌ എവിടെപ്പോയി! എന്താ, ഈ ചെക്കന് ഭ്രാന്തോ? വരട്ടെ; ഇന്നു പുറത്താക്കാൻ പറയണം. വേണം; ഇത്ര മൂത്താൽ പറ്റില്ലല്ലൊ.....അല്ലാ, എന്താ പ്രഭാകരൻനായർക്ക് !... ശരി... ശരി... സാപത്ന്യം. അപ്പോൾ ഇവിടെ ഒരുകശപിശ നടന്നിരിക്കുന്നു... അതൊന്നറിയണലോ... ച്ഛെ... ആ ചെക്കനെത്തന്നെ വിളിക്കട്ടെ. (ഉറക്കെ) ഗോപാൽ.
ഗോപാലൻ: (പ്രവേശിച്ച് ) എന്താ മേനനേ. (വാതിൽക്കൽ നിൽക്കുന്നു) നിങ്ങളെന്നെ തല്ലുകയാണെങ്കിൽ...
മാധവമേനോൻ: ഇല്ലില്ല. ച്ഛെ. ഞാനെന്തിനെടോ നിന്നെ തല്ലുന്നത്? (ഒരുറുപ്പികയെടുത്തു നീട്ടി) ഞാനിതുതരാനാണ് ഇന്നിങ്ങോട്ടുവന്നതുതന്നെ. അപ്പോഴെയ്ക്ക് എന്തൊരു കൊരങ്ങൻകളിയാണ് കളിച്ചത് ! (ഉറുപ്പിക കൊടുക്കുന്നു. ഗോപാലൻവാങ്ങി ട്രൌസറിന്റെ കീശയിൽ ഇടുന്നു)
മാധവമേനോൻ: (പുഞ്ചിരിയോടുകൂടി) അപ്പോൾ ‘സൌ’ എവിടെപ്പോയെടോ?
ഗോപാലൻ: ഞാൻ പറഞ്ഞില്ലെ മേനനെ, (ആംഗ്യത്തോടുകൂടി) തിരിപ്പിയ്ക്കാൻ പോയെന്ന്! ശ്ശിപെൺകുട്ടികളെ തിരിപ്പിക്കാൻ.
മാധവമേനോൻ: ഓഹോ നൂല്പിയ്ക്കാനോ? ഒന്നും പറഞ്ഞില്ലെ പോകുമ്പോൾ.
ഗോപാലൻ: മേനനോടു വന്നാൽ ഇവിടെ കാത്തിരിക്കണംന്ന് പറഞ്ഞു. പക്ഷെ, അതൊക്കെശ്ശരി, പ്രഭാകരൻനായര് പറഞ്ഞതും ഞാൻ പറഞ്ഞേ്വ.
മാധവമേനോൻ: അഃ എന്താടോ അത്. എന്താ പ്രഭാകരൻനായർക്ക് എന്നോട്?
ഗോപാലൻ: എന്താണാവോ! (ആലോചനനടിച്ച്) ഒരു സമയം ആയാൾ ദാമിനീന്ന് വിളിക്ക്ണ ആളെ നിങ്ങള് ‘സൌ’ന്ന് വിളിക്കണോണ്ടാവും. (ഒരു വികൃതലജ്ജാഹാസം)
മാധവമേനോൻ: ഓ ഹോ, ശരി. എപ്പോഴേ, പ്രഭാകരൻനായര് ഇതൊക്കെപ്പറഞ്ഞത്? ‘സൌ’വിനോടു തന്നെയാണോ പറഞ്ഞത്?
ഗോപാലൻ: ഇന്നലെരാത്രി, മേനനെ (ചുണ്ടനക്കി മന്ത്രിയ്ക്കുന്നതായിനടിക്കുന്നു.) – അങ്ങനെശ്ശി (കണക്ക് പുസ്തകം മേശമേൽ വലിച്ചെറിയുന്നതായി നടിച്ച്) പിന്നങ്ങനെ കുറെ. (ദേഹം വിറപ്പിച്ചും കയ്യുയർത്തിയും മറ്റും) – പിന്നെങ്ങനെ കൊറെ. (കണ്ണുതുടച്ചും മൂക്കു ചീറ്റിയുംകൊണ്ടും) അങ്ങിനീം കൊറെ.
മാധവമേനോൻ: (ചിരിക്കുന്നു) അപ്പോൾ ‘സൌ’ എന്തു പറഞ്ഞു.
ഗോപാലൻ: എന്തോ, മനസ്സിലായില്ല. അവര് ഇംഗ്ലീഷിൽ കൊറെ സംസാരിച്ചു. സമാധാനിപ്പിച്ചതാവണം മൂപ്പരെ. പിന്നെ ശ്ശിനേരം ഇരുന്ന് ഓരോന്നു പറഞ്ഞിരിയ്ക്കുന്നു. എന്നാലും നിങ്ങക്ക്തന്നേയാണ് മേനനേ ഭാഗ്യം. (ചിരിച്ചുകൊണ്ട്) ഊണിനും കെടപ്പിനും ഒന്നും ഇപ്പോ ക്ഷണിക്കലില്ല.
മാധവമേനോൻ: (ഒടുവിലത്തെ വാക്കുകൾ കേട്ടില്ലെന്നു നടിച്ച് സ്വരം താഴ്ത്തിക്കൊണ്ട്) അപ്പോൾ ഞാൻ ഒരു കാര്യം ചോദിക്കട്ടെ, എന്താ പ്രഭാകരൻനായരും...
(പെട്ടെന്നു പ്രഭാകരൻ പ്രവേശിക്കുന്നു. ഗോപാലൻ പരിഭ്രമത്തോടുകൂടി രണ്ടാളേയും മാറിമാറി നോക്കിനില്ക്കുന്നു. ഈ ഗോഷ്ഠികണ്ട് പ്രഭാകരന് ദേഷ്യം പിടിക്കുന്നു)
പ്രഭാകരൻ: പോടാ അവിടന്ന്...
(ഗോപാലൻ പോകുന്നു.)

പ്രഭാകരൻ: (തിരിഞ്ഞ്) എന്താ സേർ, ഞാൻതന്നെ ഉണ്ട് ഇവിടെ. നിങ്ങൾക്കെന്താ പ്രഭാകരനെപ്പറ്റി അറിയേണ്ടത്?

മാധവമേനോൻ: (പരിഭ്രമം അടക്കിക്കൊണ്ട്) പറയാം. നന്നായി നിങ്ങൾതന്നെ എത്തിയത്. ഓരോ സന്ദേഹവും അപ്പഴപ്പോൾ നേരിട്ടു തീർക്കുന്നതാണല്ലോ നല്ലത്, എന്താ ഇരിക്കാത്തത്?

പ്രഭാകരൻ: താങ്കളെ ഭയപ്പെട്ടിട്ടല്ല. അതുപോട്ടെ, എന്താ പ്രഭാകരനോടു നിങ്ങൾക്കറിയാനുള്ളത്?

മാധവമേനോൻ: സേർ, നിങ്ങൾ ക്ഷോഭിച്ചിരിയ്ക്കുന്നു. നിങ്ങൾ ഇന്നലെ മുതല്ക്ക് അങ്ങിനെയാണെന്നു ഞാൻ കേട്ടു. അതാണ് എനിക്കറിയേണ്ടത്. ഞാൻ ചോദിക്കുകയായിരുന്നു, എന്താ പ്രഭാകരൻനായരും ഞാനും തമ്മിൽ മുഷിച്ചിലിന്ന് കാരണം പറഞ്ഞത് എന്ന്.

പ്രഭാകരൻ: ഓഹോ, അങ്ങിനെയാണോ ആ വാചകം അവസാനിപ്പിച്ചത്. നിങ്ങൾ വശ്യവചസ്സായ കവിയാണല്ലോ. എന്നിട്ടും വ്യക്തമായില്ല, ആരോ പറഞ്ഞത് എന്ന്.

മാധവമേനോൻ: നിങ്ങൾ. പിന്നെ ഞാൻ കവിയായതുകൊണ്ടു നിങ്ങൾ മുഷിയണമെന്നുണ്ടോ?

പ്രഭാകരൻ: സർ, നിങ്ങളെന്തായതുകൊണ്ടും ഞാൻ മുഷിയുന്നില്ല. അഥവാ ഞാൻ മുഷിയുന്നുണ്ടെങ്കിൽ ആ സംഗതി നിങ്ങളോടു തുറന്നുപറയാൻ എനിയ്ക്കറിയുകയും ചെയ്യാം. എന്നിരിക്കെ, നിങ്ങളീ സ്വകാര്യവിചാരണ കഴിയ്ക്കുന്നത് ആണത്തത്തിന്നു ചേർന്നതല്ല.

മാധവമേനോൻ: (എഴുന്നേറ്റ്) നിങ്ങടെ ഭാഷ കടന്നുപോകുന്നു. എന്റെ ആണത്തത്തെ പോക്കുവിളിക്കണമെങ്കിൽ ഇതല്ല അതിന്നുള്ള വഴി – മാന്യന്മാർ സ്വീകരിക്കുന്നവഴി. അതറിയാമെങ്കിൽ നിങ്ങളോടു തുറന്നു ചോദിച്ച എന്നോട് തുറന്നുത്തരം പറയൂ – എന്താണ് ഞാൻ നിങ്ങളോടു തെറ്റു ചെയ്തിട്ടുള്ളത്.

പ്രഭാകരൻ: സേർ നിങ്ങളുടെ മാന്യത എനിക്കറിയാം. അതു കൂടുതലായി ഞാൻ അറിഞ്ഞുവരുന്നുമുണ്ട്. പിന്നെ, ക്ഷോഭിക്കുന്നതിന്നെതിരായി നിങ്ങളെനിക്കൊരു താക്കീതുതരികയുണ്ടായി. ഇത്തവണ ഞാനത് മടക്കിത്തരേണ്ടിവന്നിരിക്കുന്നു. പോർക്കുവിളിക്ക് ഞാൻ ഇവിടെവെച്ച് ഒരുങ്ങീട്ടില്ല.

മാധവമേനോൻ: എന്നാൽ എന്റെ ചോദ്യത്തിന്നുത്തരം പറയു. അതിവിടെ വെച്ചാവുന്നതിൽ നിങ്ങൾക്ക് വിരോധമുണ്ടാവാൻ ന്യായമില്ല.

പ്രഭാകരൻ: സേർ, ഒരാൾക്ക് മുഷിച്ചിലിന്ന് ഹേതുപറയാൻ അത്രയ്ക്കൊന്നും വിഷമമില്ല. നോക്കൂ, എനിക്കൊരു കച്ചവടമുണ്ട്; നിങ്ങൾ പറ്റുകാരനാണെങ്കിൽ നമ്മൾ തമ്മിൽ മുഷിയാൻ ഒരു വഴിയായി. അല്ലെങ്കിൽ, അതുതന്നെ മുഷിച്ചിലിന്നു കാരണം. ഇതുപോലെ എവിടെയും. അതുകൊണ്ട് നിങ്ങൾ ഇന്നതെറ്റുചെയ്തു എന്നു പറയൽ വലിയ വിഷമമുള്ള കാര്യമല്ലല്ലൊ. പക്ഷെ, മുഷിച്ചിലിനെപ്പറ്റി നിങ്ങൾക്കുള്ള തെളിവ്, ഞാൻ കണ്ടുവന്നപോലെ, ഇവിടത്തെ വാലിയക്കാരനെ പിടിച്ച്, അവന്റെ മുമ്പിൽ സി. ഐ. ഡി. അഭിനയിച്ചു കിട്ടിയതല്ലെ? നിങ്ങൾക്കതിലിനിയും ലജ്ജതോന്നുന്നില്ലല്ലോ.

മാധവമേനോൻ: കച്ചവടത്തെപ്പറ്റി പറഞ്ഞതു നന്നായി. ഇത്രത്തോളമായ നിലക്ക് ഇനിയും ഒരു ബാദ്ധ്യത വെച്ചുകൊണ്ടിരിക്കണ്ടല്ലൊ. എന്റെ കത്തു പ്രകാരം മിസ് രോഹിണിഅമ്മ പേരിൽ നിങ്ങൾക്ക് എന്തു കിട്ടാനുണ്ട്? ഇതാ സംഖ്യ പിടിച്ചോളു.

പ്രഭാകരൻ: (അല്പം ആലോചിച്ച്) നിങ്ങടെ കത്തു പ്രകാരമോ? സർ, തന്നത്താൻ മറക്കുന്നത് നന്നല്ല. മിസ് രോഹിണിയമ്മ എന്റെ മാന്യയായ ഒരു പറ്റുകാരിയാണ്. അവർക്കതിന്നു വ അർഹതക്കുറവുമുണ്ടെങ്കിൽ, അത് നിങ്ങടെ കത്തായിരുന്നു. കിട്ടാനുള്ളത് ഞാൻ വാങ്ങിക്കൊള്ളാം. ഓ, വലിയൊരു യോഗ്യൻ!

മാധവമേനോൻ: (രുഷ്ടനായ് എഴുന്നേൽക്കുന്നു) പ്രഭാകരൻ!

പ്രഭാകരൻ: (തിരിഞ്ഞ് അതേ നിലക്കുതന്നെ നോക്കിനിൽക്കുന്നു. സൌദാമിനിയമ്മ പ്രവേശിക്കുന്നു)

സൌദാമിനി: ഓ, നിങ്ങൾ അധികനേരമായിരിക്കും വന്നിട്ട് ഇല്ലേ. ഞാൻ ഗോപാലനോടു പറഞ്ഞിരുന്നു. (കയ്യിന്മേൽ നോക്കിട്ട്) അരമണിക്കൂർ അധികം താമസിച്ചുപോയി. (മാധവമേനോനും സൌദാമിനിഅമ്മയും ഇരിയ്ക്കുന്നു)

മാധവമേനോൻ: ഇല്ല, വളരെ താമസിച്ചില്ല.

(സൌദാമിനിഅമ്മ പ്രഭാകരനെ നോക്കുന്നില്ല. ആയാളൊടു ഇരിക്കാനും പറയുന്നില്ല. പ്രഭാകരൻ ആ നിലയ്ക്ക് ഇറങ്ങിപ്പോകുന്നു)

സൌദാമിനി: നിങ്ങൾ തമ്മിൽ സുഖമില്ലാത്ത സംഭാഷണമുണ്ടായി എന്നു തോന്നുന്നു? അതുകൂടാതെ കഴിയുമെന്നു ഞാനാശിച്ചു.

മാധവമേനോൻ: വേണ്ടിവന്നു. എന്നല്ല, ഞാൻ നിങ്ങൾക്കൊരു ബുദ്ധിമുട്ടായി തീർന്നിരിയ്ക്കുന്നുവെന്നുകൂടി ഭയപ്പെടുന്നു.

സൌദാമിനി: ക്ഷമിയ്ക്കണം. നാം തമ്മിൽ കൂടുതൽ അടുക്കും തോറും കാര്യങ്ങൾ മനസ്സിലാക്കാമെന്നു വിചാരിച്ചു. പക്ഷേ ഇപ്പോൾ നിങ്ങൾതന്നെ നേരിട്ട് കുറച്ചൊക്കെ അറിഞ്ഞിരിയ്ക്കും. പരിഭ്രമത്തിന്ന് എടയാക്കിയെങ്കിൽ ക്ഷമിയ്ക്കണം.

മാധവമേനോൻ: അതൊന്നുമില്ല. പക്ഷേ ഈ കഴിഞ്ഞ രംഗം അപ്രതീക്ഷിതമാണ്.

സൌദാമിനി: ഞാൻ നന്നെ വിഷമിക്കുന്നുണ്ട്. (തെല്ലിട നിശ്ശബ്ദയായിരിക്കുന്നു) ഒരനാഥകുടുംബത്തെ സഹായിക്കേണ്ടിവന്നു. കുറച്ചു മുതിർന്നത് ഈയാളാണ്. സത്യവാനുമാണ്. അങ്ങിനെ ഒരു കച്ചവടം ഏർപ്പാടുചെയ്തു കൊടുത്തു. (കുറച്ചിടവിട്ട് ) അനുകമ്പയെ കൈനീട്ടി വാങ്ങുകയും പിന്നീടതിനെ തെറ്റി വ്യാഖ്യാനിക്കുകയും ചെയ്യുന്നത് മനഷ്യസ്വഭാവത്തിന്റെ ഒരു പ്രത്യേകതയാണെന്നു തോന്നുന്നു. അതു സാരമില്ല. പക്ഷെ, ആ ദുർവ്യാഖ്യാനത്തെ നിശിതമായി നിരൂപണം ചെയ്യേണ്ടിവരുമ്പോൾ ദാതൃത്വം വാത്സല്യപരവശമാകുന്നത് ദയനീയമായിരിക്കുന്നു. വാസ്തവത്തിൽ അത്തരമൊരു ദീനസ്ഥിതിയിലാണ് ഞാൻ. അറിവുള്ളവരോടു ഇതു തുറന്നു പറയാം. മറ്റുള്ളവർ എന്നെ തുറന്നാക്ഷേപിക്കുന്നു. എന്നിൽ സഹതാപം തോന്നുന്നവർ എത്രപേരുണ്ടാവും!

മാധവമേനോൻ: (സഹാനുഭൂതിയോടുകൂടി) എനിയ്ക്ക് മനസ്സിലാകുന്നുണ്ട്. അതേ, ആയാൾക്ക് എന്നോടുള്ള വിദ്വേഷഹേതുവും.

സൌദാമിനി: (ശൃംഗാരമയമായ ഒരു കടാക്ഷത്തോടും പുഞ്ചിരിയോടുംകൂടി) ഞാൻ അവന്നുവേണ്ടി മാപ്പു ചോദിക്കട്ടെ?

മാധവമേനോൻ: എന്നോടോ, സൌ. അതാവശ്യമുണ്ടൊ?

സൌദാമിനി: സംസ്കാരസമ്പന്നമായ ഒരു ഹൃദയത്തിൽ ചെന്നു കൂട്ടുകൂട്ടാൻ എന്റെ വിഭ്രാന്തങ്ങളായ വിചാരങ്ങൾ വളരെക്കാലമായി ആശിച്ചതാണ്. അവർക്ക് നന്ദവനം കൈവന്നു.

മാധവമേനോൻ: എന്നല്ല, ആ നന്ദവനം അവയിൽ ആദ്യത്തേതിന്റെ കൂകലോടുകൂടിത്തന്നെ, നിറച്ചു മൊട്ടിട്ട ചെടികളെക്കൊണ്ട് കോരിത്തരിച്ചു നില്ക്കുകയുമാണ്.

പാറുക്കുട്ടിഅമ്മ: (വാതിൽക്കൽവന്ന് ) വന്നാലെങ്കിലും നിനക്ക് വല്ലതും കഴിച്ചൂടെ കുട്ടി! ആവാവൂ. എത്ര നേരായീ.

സൌദാമിനി: ഞാൻ വരുക ആയീ അമ്മേ. (അമ്മ പോകുന്നു)

(മാധവമേനോനോട് സസ്മിതം) തിരക്കൊന്നുമില്യല്ലോ. നമുക്ക് അകത്തുപോയിരിക്കാം. ഈ കുളിർകല്ലോലത്തിൽ എന്റെ പതച്ച ആത്മാവ് ഒന്നു നീന്തിക്കളിക്കട്ടെ. (എഴുന്നേൽക്കുന്നു)

(പുഞ്ചിരിയോടും ഇടയ്ക്ക് തിരിഞ്ഞു നോക്കിയും സൌദാമിനി മുമ്പിലും പ്രീതനായ മേനോൻ പിന്നാലെയുമായി പോകുന്നു)

(കർട്ടൻ)

**രംഗം 5**

നൂലെടുക്കുന്ന സ്ഥലം. സമയം 11മണി. സൌദാമിനിഅമ്മ രോഹിണിയുടെ നൂലെടുക്കുന്നു. ശാരദ പോകാൻ തയ്യാറായി മറ്റുള്ളവരെ കാത്തുനില്ക്കുന്നു. വിമല നൂലിൻകെട്ടുമായി നില്ക്കുന്നു.

സൌദാമിനി: (നോക്കിക്കൊണ്ടിരുന്ന ചില്ലയെപ്പറ്റി) ഇതിൽ നൂല് കെട്ടുപിണഞ്ഞിരിക്കുന്നല്ലോ.

രോഹിണി: അതുവ്വോ? ശരി; പക്ഷേ, അതുണ്ടാവും കുറച്ചൊരു കെട്ടുപിണച്ചിൽ ആദ്യംതന്നെ ഉണ്ടായിരുന്നു. എനിക്കുതന്നെ അതുനേരേയാക്കാൻ കഴിയുമായിരുന്നു. അപ്പോഴേയ്ക്ക് ഒരാള് സഹായത്തിന്നു വന്നു. അയാളതു മുഴുവൻ നൂലാമാലയാക്കി. ഇനി അത് ഇവിടത്തന്നെയിരിക്കട്ടെ.

പണ്ടുതന്നെ നൂലാമാല ഏതും അമ്മ ഏറ്റെടുക്കാറുണ്ടല്ലോ.

സൌദാമിനി: (രോഹിണിയുടെ മുഖത്തു നോക്കാതേയും ഈ വാക്കുകളെ വേണ്ടേടത്തോളം ശ്രദ്ധിക്കുന്നില്ല എന്നുഭാവിച്ചും ഇരിക്കുന്നു. മറ്റു കുട്ടികൾ അന്യോന്യം നോക്കി പുഞ്ചിരിയിടുന്നു. സൌ രോഹിണിക്കുള്ള പണം മേശപ്പുറത്തു വെച്ചുകൊടുക്കുന്നു.)

സൌദാമിനി: വിമലേ നൂൽ തരു. നീ ഒടുവിലായി; ഇല്ലേ?

രോഹിണി: ഒടുവിലായാലും എന്നെപ്പോലെ ഒറ്റയ്ക്കാവാതെ സൂക്ഷിച്ചോളു.

വിമല: അതാവില്ല. ശാരദ എന്നെ കാത്തുനില്ക്കുന്നുണ്ട്.

സൌദാമിനി: നമുക്കൊന്നിച്ചു പോവാം, വിമലേ, ശാരദ രോഹിണിയൊന്നിച്ചു പോയ്ക്കൊള്ളട്ടെ.

രോഹിണി: അതേ, ശാരദേ, നിന്നെക്കൊണ്ട് അമ്മയ്ക്കാവശ്യമുണ്ടാവും. അല്ല, നിനക്ക് അമ്മയെക്കൊണ്ട്. അവർക്കു നിന്നോട് എത്രമാത്രം വാത്സല്യമുണ്ടെന്ന് നിനക്കു മനസ്സിലാക്കാം. നോക്കൂ, അവർ നിന്റെ എല്ലാ ഭാരവും സ്വയം ഏറ്റെടുത്തുകൊള്ളും. വിശ്വസിച്ചു പിന്നാലെ കൂടിക്കൊള്ളു. (സൌദാമിനിഅമ്മ ക്രുദ്ധയായി രോഹിണിയുടെ നേരെ തുറിച്ചുനോക്കുന്നു. രോഹിണി കണ്ടില്ലെന്നു നടിയ്ക്കുന്നു.) പിന്നെ, എനിയ്ക്കാരും വേണ്ട. എന്നല്ല വഴിയ്ക്കുവെച്ചു പിരിഞ്ഞു പോകുന്ന അങ്ങിനെയൊരാൾ ഉള്ളതിലും നല്ലത് തനിച്ചുപോവുകയാണ്. (തിരിഞ്ഞു അതേ രൗദ്രതയോടെ സൌദാമിനിഅമ്മയേയും തുറിച്ചുനോക്കുന്നു. രണ്ടു പെൺസിംഹങ്ങൾപോലെ അവർ ഒരു മിനിട്ടു നില്ക്കുന്നു. പിന്നീട് ഭയങ്കരസ്വരത്തിൽ ഉറക്കെച്ചിരിച്ച് ഇറങ്ങിപ്പോകുന്നു.)

സൌദാമിനി: (കയ്യിലെടുത്ത നൂല് അതേപടിവെച്ച് തെല്ലിട ആലോചനാമഗ്നയായിരിക്കുന്നു. വിമല നോക്കിനിൽക്കുന്നു.) ഹൌ. വല്ലാത്തൊരു കോപ്പ്! ഭയമായി. എന്തൊരുഭാവം ആ മുഖത്ത്. നൂലാമാലയാക്കി? ആര്? ആ, ഹാ! ഒറ്റയായി! നന്നായി. ഞാനെന്തുവേണം... ദ്രോഹം!

വിമല: അമ്മേ, അമ്മ വരുന്നതിന്നുമുമ്പ് ആ ജന്തു എന്തൊക്കെയാ അമ്മെപ്പറ്റി പറഞ്ഞത്! അവളെനി നൂൽക്കുന്നൂല്യത്രെ. ഞങ്ങളൊടൊക്കെ ഒരു യാത്രപറേലും!

സൌദാമിനി: യാത്രപറേലോ! ആഹാ. ശരി. അല്ലെങ്കിൽ ഇന്നീ അഞ്ചുചില്ല നൂലുംകൊണ്ട് അവൾ എന്തിന്നുവന്നു. അതെ. എന്തൊ ഉണ്ട്; ഒരു തകരാറ്. (മുഖത്ത് രൌദ്രഭാവം ഏറുന്നു) വിടില്ല; നിന്നെ വിട്ടുകൂടാ. നീ വല്ലാതെ ഉപദ്രവിക്കുന്നു. (ആലോചിച്ച്) വിമലേ, അവൾ വിവാഹത്തെപ്പറ്റി പറഞ്ഞുവോ?

വിമല: ഇല്ല... ആ... ഉവ്വമ്മേ. ശാരദചോദിച്ചു. അപ്പോ... എനിക്ക് വേണങ്കില് വിവാഹം കഴിക്കും അല്ലെങ്കില്, എല്ലാരും ഇപ്പോ വിവാഹം കഴിച്ചിട്ടാ എന്നു ചോദിച്ചു.

സൌദാമിനി: ഏ... ആഹാ. (സുസ്ഥിതിപൂണ്ട്) ഓ, സാരമില്ല, അവളുടെ വേദനകൾക്ക് മറ്റോരോരുത്തരെ കുറ്റപ്പെടുത്തി നോക്കുകയാണ്. നമ്മളത് സാരമാക്കാനില്ല. (സഗൌരവം) നോക്കൂ വിമലേ, പെൺകുട്ടികൾക്ക് ചേരാത്ത ഓരോന്നിന് തുനിഞ്ഞിറങ്ങി പണിയെടുക്കാതെയും മറ്റുമിരുന്നാൽ ഇപ്പോൾ കണ്ടില്ലെ, അവളെപ്പോലെ ഭ്രാന്തായി അവരെയും ഇവരെയും കുറ്റവുംപറഞ്ഞ് തലയും താഴ്ത്തി നടക്കേണ്ടി വരും. നിങ്ങൾക്ക് ഇതൊരു പാഠമായിരിക്കട്ടെ... കഷ്ടം. (തെല്ലിടകഴിഞ്ഞ്) നിന്റെ നൂലിവിടെ ഇരിക്കട്ടെ. നേരം വൈകി. നാളെവന്നിട്ട് നോക്കി എടുക്കാം. പണം വേണമെങ്കിൽ കൊണ്ടുപോയ്ക്കോളു. ഇതിലെനി കെട്ടുപിണഞ്ഞത് ഒന്നുമുണ്ടാവില്ലല്ലൊ

വിമല: ഇല്ലമ്മേ. ഞാൻ ഒരു നൂലാമാലയും ഉണ്ടാക്കീട്ടില്ല.

(സൌദാമിനിഅമ്മ ഒന്നു ഞെട്ടുന്നു.)

(കർട്ടൻ)

**രംഗം 6**

(മാസ്റ്ററുടെ വീട്. സമയം 11മണി. രോഹിണി എന്തോ വായിച്ചുകൊണ്ടിരിയ്ക്കുന്നു. എളയമ്മ പ്രവേശിച്ച് അടുത്തൊരു കസേലയിൽ ഇരിയ്ക്കുന്നു.)

എളയമ്മ: കുട്ട്യോള് പോയാപ്പിന്നെ സ്ക്കൂളിന്ന് വരുന്നവരെ ഇവിടെ കഴിച്ചൂട്ടാൻ വയ്യേ – ഒരു'വനംകാട്.'

രോഹിണി: ഏറെ ഇപ്പോൾ ചന്ദ്രന്ന് സുഖമില്ലാഞ്ഞിട്ടാണ്, എളയമ്മേ. അല്ലെങ്കിൽ ഓടിപ്പാഞ്ഞ്

ലഹളകൂട്ടിക്കോണ്ടിരിയ്ക്കും.

എളയമ്മ: അതും അല്ല. അവിടെ എന്തൊരു തെരക്കാണ്. കല്യാണിടെ കുട്ടി, പാറുക്കുട്ടിയുടെ കുട്ടി, മോഹനൻ, വിജയൻ, ഇന്ദിര - ഇതിനൊന്നിനും സ്ക്കൂളിൽ പോവാറായിട്ടില്ലലൊ. എന്തൊരു ലഹളയാണ്. നെന്റെ കത്തു കിട്ട്യേപ്പൊ ഞാന്ങ്ങ്ട് പോന്നൂന്നെള്ളു. അല്ല, ശ്ശി കാലായി നിങ്ങളെക്കെക്കണ്ടിട്ടും.

(ആലോചിച്ച്, വ്യസനിച്ചുകൊണ്ടിരിയ്ക്കുന്നു.)

രോഹിണി: എന്തായാലും എളയമ്മ ഇപ്പൊളൊന്നും അങ്ങ്ട്ട് പോവരുത്. എനിക്ക് തീരെ സുഖല്യ.

എളയമ്മ: അപ്പൊ, എന്താ നെണക്ക്? വല്ലതും ഒക്കെ ഒന്നു നോക്കിക്കായ്ര്ന്നില്യെ?

രോഹിണി: എനിക്ക് ദീനം ഒന്നുമില്യ എളയമ്മെ, മനസ്സിന്നൊരു സമാധാനംല്യ. എന്നാൽ എളയമ്മ ഇവിടെ ഉണ്ടെങ്കിൽ കുറച്ചു ഭേദമല്ലെ?

എളയമ്മ: എന്റെ മോള് ഒട്ടും വ്യസനിക്കണ്ട, എളേമ്മ ഉള്ളപ്പോ.

രോഹിണി: ഇല്ല; അമ്മ ഉള്ളതുപോലെ തന്നെ എനിക്കൊരു സമാധാനം തോന്നുന്നുണ്ട്, എളയമ്മ ഇവിടെ ഉള്ളപ്പോൾ. അച്ഛന്റെയും കുട്ടികളുടെയും പാകത്തിനു നിൽക്കാൻ എളയമ്മക്കും നിശ്ചയമുണ്ടല്ലൊ, ചിലപ്പോൾ... പക്ഷെ... ഞാനില്യാതായാലും.

(പ്രഭാകരൻ പ്രവേശിയ്ക്കുന്നു)

എളയമ്മ: ഞാൻ അടുക്കളിൽ പോട്ടെ. കുട്ടികൾ വരാറായല്ലൊ.

(എളയമ്മ പോകുന്നു)

രോഹിണി: എളയമ്മക്ക് ആ പഴയ സമ്പ്രദായമൊന്നും വിട്ടിട്ടില്ല. ആരെങ്കിലും വന്നാൽ അപ്പോൾ അകത്തേയ്ക്കു ഓടും. (പ്രഭാകരനു കസേല നീക്കിക്കൊടുത്തുകൊണ്ട്) ഇരിയ്ക്കു.

പ്രഭാകരൻ: (ഇരിയ്ക്കുന്നു) രോഹിണിയാണ് എഴുന്നേറ്റു പോവുക എന്നേ ഞാൻ വിചാരിച്ചത്.

രോഹിണി: എന്തിന്? പേടിച്ചിട്ടോ? അങ്ങിനെ പേടിയ്ക്കുന്ന പെൺകുട്ടികളൊന്നും ഇക്കാലത്തില്ല.

പ്രഭാകരൻ: ഹൊ, എനിക്കറിഞ്ഞുകൂടാത്തതുപോലെ. ഞാൻ നേരിട്ടു വന്നു പരിചയപ്പെടാൻ താമസിച്ചുപോയിരിയ്ക്കാം എന്നാലും രോഹിണിയെ ഞാൻ അറിഞ്ഞുതുടങ്ങിയിട്ട് കാലം കുറച്ചായി.

രോഹിണി: ഈ ആദ്യം പറഞ്ഞതിൽ ഞാനൊട്ടും തെറ്റുകാരിയല്ല. ചന്ദ്രോദയത്തെ കാത്തുകൊണ്ടുതന്നെയാണ് ഞാൻ ഇരുന്നത്

പ്രഭാകരൻ: രോഹിണി, കറുത്ത പക്ഷത്തിൽ പെട്ടിരുന്ന ചന്ദ്രൻ.

രോഹിണി: കറുത്ത വാവല്ലാതായത് എന്റെ ഭാഗ്യം!

പ്രഭാകരൻ: ഏതായാലും ഞാൻ ജീവിച്ചു. നമ്മൾ ജീവിച്ചു എന്നാണ് പറയേണ്ടത്. രക്ഷപ്പെട്ടു.

രോഹിണി: വീണ്ടും ആ കാളകൂടക്കറപ്പിൽത്തന്നെ പെട്ടില്ലെങ്കിൽ.

പ്രഭാകരൻ: ഈശ്വരൻ പെടുത്താതിരിയ്ക്കട്ടെ. അതിന്നു മുമ്പായിതന്നെ രക്ഷപ്പെടാമെന്ന് എനിയ്ക്കുറപ്പുണ്ട്. ആട്ടെ ഈ സ്ത്രീ ഏതാണ്

രോഹിണി: അച്ഛൻപെങ്ങളാണ്. ഞാൻ വരാൻ വേണ്ടി എഴുതിയിരുന്നു. ഇന്നലെ വന്നു.

പ്രഭാകരൻ: (ആലോചനാപൂർവ്വം) നല്ലത്. അപ്പോൾ ഇനി നമുക്ക് തടസ്സമൊന്നുമില്ല. (പതുക്കെ) ഞാൻ എന്റെ കച്ചവടം വിറ്റുകഴിഞ്ഞു. നാളെ പുലരുമ്പോഴെക്ക് ഇതറിയും. ഇവിടെ മുഴുവൻ സംസാരമാവും. എന്തിന്ന് അത്തരം അനിഷ്ടതകൾക്ക് നിൽക്കുന്നു? പുലരുമ്പോഴെക്ക് നമുക്ക് ഉദ്ദേശിച്ച സ്ഥലത്തെത്താം അവിടെനിന്നു രോഹിണിയുടെ അച്ഛന്നു കത്തയയ്ക്കാം. അദ്ദേഹം അവിടെ വരുമ്പോൾ നമുക്ക് കാര്യങ്ങൾ പറഞ്ഞു ശരിപ്പെടുത്തുകയും ചെയ്യാം.

രോഹിണി: ശരി. എന്നാലും ആ കത്തു കിട്ടുമ്പോഴെക്ക് അച്ഛൻ എന്താവുമെന്നു ഭയപ്പെടുകയാണ് ഞാൻ.

പ്രഭാകരൻ: എന്തിന്ന്? തീരെ ഭയപ്പെടാനില്ല. മറ്റന്നാൾ രാവിലെക്ക് അച്ഛന്നു കത്തുകിട്ടും. ഇരുപത്തിനാലു മണിക്കൂറുകൊണ്ട് ഒന്നും സംഭവിയ്ക്കാൻ പോകുന്നില്ല.

രോഹിണി: എന്നാലും, അച്ഛൻ വല്ലാതെ വ്യസനിക്കും. പക്ഷേ, നിവൃത്തിയില്ല. എനിക്കദ്ദേഹത്തിന്റെ ആദർശനിഷ്ഠയിൽനിന്നുകൂടി രക്ഷപ്പെടാതെ വയ്യ. എനിയ്ക്കു വയ്യ. കഴുതപോലെ പണിയെടുത്ത്

എന്റെ മനുഷ്യത്വം മുഴുവൻ നശിച്ചിരിയ്ക്കുന്നു! എന്റെ അഭിലാഷങ്ങളുടെ കൊടുങ്കാറ്റടിയെപ്പറ്റി അച്ഛന്നു ഒന്നും മനസ്സിലാവില്ല. രക്ഷപ്പെടാതെ നിവൃത്തിയില്ല.

പ്രഭാകരൻ: കുറച്ചുനേരത്തേക്ക് നാം എല്ലാറ്റിനേയും മറക്കുക – എല്ലാ ബന്ധവിശേഷങ്ങളേയും – അതു നമുക്ക് ഏകീകരണത്തിന്നു അത്യാവശ്യമാണ്.

രോഹിണി: ശരിയാണ്. യഥാർത്ഥ പ്രണയം വലിയ ത്യാഗങ്ങളെ ആവശ്യപ്പെടും. എങ്കിലും നാം അവിവേകം പ്രവർത്തിച്ചു എന്നാവരുത്.

പ്രഭാകരൻ: മറ്റു പോംവഴിയിലും നമുക്കു ജീവിക്കണം. എന്നെ സംബന്ധിച്ചേടത്തോളം എനിക്കവളിൽനിന്നു രക്ഷകിട്ടാതെ വയ്യ. പക്ഷെ, രോഹിണിയെക്കൂടാതെ എനിക്കു കിട്ടുന്ന യാതൊരു രക്ഷയും രക്ഷയല്ല! രോഹിണിയ്ക്കാകട്ടെ അല്പം സ്വാതന്ത്ര്യം കിട്ടിയേ പറ്റൂ. ഈ മുടിഞ്ഞ നൂൽപും അടുക്കളപ്പണിയും ലഘുജീവിതവും! ഇതൊരു പുഷ്പത്തിന്നു താങ്ങാനാവുന്നതിലും ഭാരിച്ചതാണ്. ഇതളുകൾ ചതയ്ക്കപ്പെട്ടു കഴിഞ്ഞാൽ ഏതു വിശിഷ്ടാദർശത്തിന്നും അതിനെ ഒരു പുഷ്പമാക്കി നിലനിർത്താനാവില്ല.

രോഹിണി: ശരിയാണ്; പോവുകയേ ഗതിയുള്ളു. ഈശ്വരൻ എല്ലാം നേരെയാക്കട്ടെ. നേരെയാവും.

പ്രഭാകരൻ: നാളെ പുലർന്നാൽ നല്ലൊരു ഭൂകമ്പമായിരിയ്ക്കും. ചാടിപ്പോയി, ചാടിപ്പോയി ഇതാവും എവിടെയും. ആവട്ടെ. ഇരുപത്തിനാലു മണിക്കൂറുകൊണ്ടു എത്ര വലിയ തീപ്പിടുത്തത്തേയും തച്ചുകെടുക്കാമെന്നു എനിക്കുറപ്പുണ്ട്. എന്റെ കത്ത് മാസ്റ്റർക്കു കിട്ടണം. കഴിഞ്ഞു. മാസ്റ്റർ വരുന്നു. നമ്മുടെ വിവാഹം കഴിയുന്നു. എല്ലാം ശരിയായി. ആ ഒരു പരിതസ്ഥിതിയിൽ രോഹിണിയുടെ വിവാഹത്തിന്നു അനുവാദം തരാതെ അച്ഛന്നു നിവർത്തിയില്ലാതാവും. വിവാഹിതനായിക്കഴിഞ്ഞാൽ ഞാൻ രക്ഷപ്പെട്ടു. പിന്നെ യക്ഷിബാധ ഭയപ്പെടാനില്ല. ആവൂ, ഞാനെന്തെല്ലാം അനുഭവിച്ചുകഴിഞ്ഞു!

രോഹിണി: ഇല്ല, ഒരു വഞ്ചനയും ഏറെക്കാലം വിജയിയ്ക്കില്ല. നമ്മൾ രണ്ടുപേരും വഞ്ചിതരാണ്. നമ്മെ ഈശ്വരൻ സഹായിയ്ക്കും. ഇപ്പോഴും നാം ആരെയും വഞ്ചിയ്ക്കാൻ ഉദ്ദേശിക്കുന്നില്ലല്ലൊ. പകരം വീട്ടണമെന്നും ആലോചനയില്ല. നമ്മൾക്ക് രക്ഷപ്പെടണം; അത്രയല്ലേ ഉള്ളൂ. അതിന്ന് ഈശ്വരാനുകൂല്യമുണ്ടാവാതെ വരില്ല.

പ്രഭാകരൻ: (എഴുന്നേറ്റ്) ഈശ്വരൻ തന്നെ രക്ഷിക്കട്ടെ. അപ്പോൾ ഞാൻ 12 മണിക്ക് പടിക്കൽ എത്തും. എല്ലാം ഭദ്രം. പോകട്ടെ. (കൈകൾ നീട്ടുന്നു. രോഹിണി ആ മാറിലേയ്ക്കു ചായുന്നു.)

(കർട്ടൻ)

**രംഗം 7**

രാത്രി. ഇരുട്ട്. രണ്ടാൾ പ്രവേശിയ്ക്കുന്നു – സൌദാമിനിഅമ്മയും മാസ്റ്ററും.

മാസ്റ്റർ: അപ്പോൾ, എന്റെ മകളെ നിങ്ങൾ നൂൽപുപഠിപ്പിച്ചു, ജീവിയ്ക്കാൻ പഠിപ്പിച്ചു. ഇപ്പോൾ, അവൾ അച്ചടക്കം ലംഘിച്ചു ദുഷ്പഥത്തിൽ കാൽ വെച്ചപ്പോൾ, അവിടേയും എത്തി അവളെ രക്ഷിക്കാൻ പാടുപെടുന്നു. കുട്ടികൾ നിങ്ങളെ അമ്മേ, എന്നുവിളിയ്ക്കുന്നു. ഞാൻ നിങ്ങളെ എന്റെ കുലദേവതയായിട്ടാണ് കാണുന്നത്. നിങ്ങൾ...

സൌദാമിനി: അത്രയ്ക്കൊന്നുമില്ല മാസ്റ്റർ. ഒരേ കാലത്ത് ജീവിച്ചിരിയ്ക്കുന്ന നമ്മുടെ വിധി, ഇങ്ങിനെ പല തരത്തിലും കെട്ടുപിണഞ്ഞിരിയ്ക്കുന്നതിൽ അസ്വാഭാവികമായിട്ട് ഒന്നുമില്ല.

മാസ്റ്റർ: അപ്പോൾ ഇതൊക്കെ നിങ്ങൾക്കെങ്ങിനെ മനസ്സിലായി?

സൌദാമിനി: ഞാനറിഞ്ഞു. കച്ചവടം വില്ക്കാനുള്ള ആലോചന ആദ്യം മുതല്ക്കേ ഞാൻ മനസ്സിലാക്കിയിരുന്നു. രോഹിണിയുടെ പ്രകൃതത്തിൽ ഈയിടെയായിക്കണ്ട വ്യത്യാസം, മറ്റു കുട്ടികളിലൂടെ അവളെപ്പറ്റിക്കിട്ടിക്കൊണ്ടിരുന്ന വിവരങ്ങൾഇതെല്ലാം സത്യമറിയുന്നതിൽ എന്നെ സഹായിച്ചു. രോഹിണി നിങ്ങളുടെ സഹോദരിയെ ഇത്ര പെട്ടെന്നു ആളെ അയച്ചു വരുത്തതിയതിന്ന് എന്നെ സംബന്ധിച്ചേടത്തോളം മറ്റു യാതൊരർത്ഥവുമില്ല. അവൾ പോയാലും നിങ്ങളും കുട്ടികളും

കഷ്ടപ്പെടരുത്. പിന്നെ സമയം മാത്രമേ അറിയേണ്ടിയിരുന്നുള്ളു. അതു ഞാൻ ഊഹിച്ചു; ഒക്കുകയും ചെയ്തു.

മാസ്റ്റർ: (കണ്ണുതുടയ്ക്കുന്നു) നിങ്ങൾ ബുദ്ധിമതിയാണ്; അതിലേറെ, പ്രാപ്തയുമാണ്. ഞാൻ അഭിനന്ദിക്കുന്നു നമുക്കു കുറച്ചുകൂടി വേഗം നടക്കാം – അവർ ദൂരത്തെത്തിയിരിയ്ക്കും.

സൌദാമിനി: ഇല്ല; അവർ വരുന്നേയുണ്ടാവൂ. നടക്കാവ് വഴിക്കേ അവർക്ക് വരാൻ ധൈര്യമുണ്ടാവൂ. അല്ല, അവർ മുമ്പിൽ പോയിട്ടുണ്ടെങ്കിൽ നാൽക്കൂട്ടക്കൽ അവരെ തടഞ്ഞുനിർത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

മാസ്റ്റർ: നിങ്ങളുടെ പ്ലാൻ മെച്ചം തന്നെ. കഷ്ടം, പാരമ്പര്യമോ സംസ്കാരമോ അവൾക്കിതിൽ പ്രചോദനമാവാൻ ഇടയില്ല. ഏറ്റവും മികച്ച വിദ്യാഭ്യാസം സദാചാരപരമാണെങ്കിൽ അതവൾക്ക് സിദ്ധിയ്ക്കാൻ ഞാൻ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. എന്നിട്ടും ഇതൊക്കെ സംഭവിച്ചു.

സൌദാമിനി: പതുക്കെ, ആരോ വരുന്നു.

(അവർ സ്റ്റേജിന്നു മറുവശത്തുപോയ് മറയുന്നു. രണ്ടുവഴിപോക്കർ ആ വഴി കടന്നു പോകുന്നു. ചിലർ എതിർഭാഗത്തുകൂടെ വന്നു കടന്നു പോകുന്നു. ഒടുവിൽ പ്രഭാകരനും രോഹിണിയും പ്രവേശിയ്ക്കുന്നു.)

രോഹിണി: എനിയ്ക്ക് കാൽ നീങ്ങുന്നില്ല. മനസ്സിലെ കടുത്ത ഭാരം എന്നെ അനങ്ങാൻ വയ്യാതാക്കുന്നു. ഹാ! അച്ഛൻ! രാവിലെ അച്ഛന്റെ കഥയെന്തായിരിയ്ക്കും.

പ്രഭാകരൻ: അരുത്; ഇതിന്നു ചാപല്യമെന്നാണ് പറയുക. ഇതെല്ലാം നമ്മൾ ഉറയ്ക്കുന്നതിന്നു മുമ്പ് മനസ്സിൽ പലവട്ടം കണ്ടുകഴിഞ്ഞ ചിത്രങ്ങളാണ്. തെറ്റാണെങ്കിൽ നാമതു ചെയ്തു കഴിഞ്ഞിരിയ്ക്കുന്നു. ഇനി സംശയിച്ചു നില്ക്കാൻ സമയമില്ല. ഞാൻ ഉറപ്പിച്ചു പറയുന്നു, കാര്യമെല്ലാം ശുഭമാവും.

രോഹിണി: അനുജത്തി; അവൾക്ക് കാര്യം മനസ്സിലാവാറായിരിയ്ക്കുന്നു. അവൾക്ക് ബോധക്കേടുണ്ടാവും. ഏട്ടത്തി നിർദ്ദയയാണെന്നു അവൾ വിചാരിയ്ക്കും

പ്രഭാകരൻ: ആലോചിയ്ക്കാതിരിയ്ക്കു. ഇപ്പോൾ പ്രവൃത്തിക്കുള്ള സമയമാണ്. വീണ്ടും ആലോചനയ്ക്കുള്ള സമയമെത്തും. ഇതു രണ്ടും കൂടിയാൽ നാം ആപത്തിനെ ക്ഷണിച്ചു വരുത്തുകയാവും

രോഹിണി: സോമൻ; അവന്ന് ഏട്ടത്തിയുടെ പ്രവൃത്തി അവമാനകരമായിയെന്നു തോന്നും. വിജയനേയും ചന്ദ്രനേയും പറ്റി എനിയ്ക്കത്ര ക്ലേശമില്ല. അവർ അച്ഛൻപെങ്ങളുമായി വളരെ ഇണങ്ങിയിരിക്കുന്നു. അവർക്ക് ജേഷ്ഠത്തിയുടെ നഷ്ടം മനസ്സിലാവാറാവുമ്പോഴേയ്ക്ക് അവർ അവളെ മറന്നിരിയ്ക്കും.

പ്രഭാകരൻ: അയ്യോ കഷ്ടം രോഹിണി. നീ ഒരിക്കലും ആർക്കും നഷ്ടപ്പെടാൻ പോകുന്നില്ല.

(രണ്ടു യാത്രക്കാർ പ്രവേശിയ്ക്കുന്നു. ഒരാൾ ഇവരെ സൂക്ഷിച്ചുനോക്കുന്നു. കടന്നുപോകുമ്പോൾ ആയാൾ കൂട്ടുകാരനോടു പറയുന്നു) – നല്ല പന്തിയല്ലെന്നാണ് തോന്നുന്നത്: ഒരു ഒളിച്ചോട്ടത്തിന്റെ ഛായ.

രണ്ടാമൻ: എങ്ങട്ടെങ്കിലും പോയിത്തൊലഞ്ഞോട്ടെടോ. നമ്മക്കെന്തുവേണം; ഇങ്ങട്ടു പോരു.

ഒന്നാമൻ: (സംശയിച്ചുനിന്നിട്ട്) അതല്ലെടോ. പിടിച്ചാൽ (സസ്മിതം) രണ്ടും കിട്ടും.

രണ്ടാമൻ: (വൈരസ്യത്തോടുകൂടി) ചെലപ്പൊ മൂന്നും കിട്ടും. (സ്വന്തം പിടലിയ്ക്ക് കൈവെച്ചു കാണിച്ചുകൊണ്ട്) താനിങ്ങോട്ടു പോരൂ, മാരണം. (മറ്റവന്റെ കൈ പിടിച്ചുവലിച്ചു പോകുന്നു)

പ്രഭാകരൻ: (അതൊന്നിടങ്കണ്ണിട്ടുകണ്ട് കുലക്കമില്ലാതെ തുടരുന്നു) 24 മണിക്കൂർ നേരത്തെ – സുദീർഘമായ ജീവിതകാലത്തിലെ ഒരു ബിന്ദുവിനെപ്പറ്റിയാണ് നാം സങ്കടപ്പെടുന്നത്. നീ ഭാവിയെ ഭൂതക്കണ്ണാടി വെച്ചുനോക്കി ഭയപ്പെടുകയാണ്. ഓമനേ, ധൈര്യമവലംബിക്കാത്തപക്ഷം നാം പരാജയപ്പെടും ലോകമപ്പോഴാണ് നമ്മെ നോക്കിച്ചിരിയ്ക്കുക. അതേ, ഒരു ജീവിതം മുഴുവൻ നീണ്ടുനില്ക്കുന്ന ചിരി. ധൈര്യപ്പെടു, വരുന്നതൊക്കെ വരട്ടെ. പക്ഷെ, എന്തും നമ്മെ വിജയത്തിലേയ്ക്കേ നയിയ്ക്കു.

രോഹിണി: എനിക്ക് തലചുറ്റുന്നു. എനിയ്ക്കൊന്നും മനസ്സിലാവുന്നില്ല. നില്ക്കൂ, ഞാനൊന്നു പറയട്ടെ. അച്ഛന്ന് വാർദ്ധക്യമാണ്. പക്ഷെ, പെട്ടെന്നുള്ള ഈ ആഘാതം അദ്ദേഹത്തെ തട്ടിയിട്ടുകളയും. അയ്യോ, ഞാൻ നിമിത്തം... (കണ്ണുതുടയ്ക്കുന്നു) പ്രഭാകര നമുക്കു മടങ്ങുക; ഒരിക്കൽക്കൂടി അവിടെ ചെന്നിരുന്ന് ആലോചിക്കുക. പിടിവിട്ട അമ്പുകളെ നമുക്കു എത്രമാത്രം വിശ്വസിക്കാമെന്നു തിട്ടപ്പെടുത്തുക. ഇപ്പോൾ ആരും അറിഞ്ഞിട്ടില്ല. നമുക്ക് ആലോചിച്ച് ഉറപ്പുകിട്ടുന്നപക്ഷം

നാളെത്തന്നെ പുറപ്പെടാമല്ലോ. എന്താ, പറയൂ. നമുക്കു ഇപ്പോൾ മടങ്ങുക? എന്റെ ഹൃദയം അത്രയ്ക്ക് അസ്വസ്ഥമാകുന്നു.

പ്രഭാകരൻ: രോഹിണീ, നിന്നെ ഞാൻ നിർബ്ബന്ധിയ്ക്കുന്നില്ല എന്നല്ല, നിന്നെ ദ്രോഹിയ്ക്കണമെന്നല്ലല്ലോ എന്റെ ആഗ്രഹം. ഈ അധൈര്യവും വെച്ചു നിന്നെ കൊണ്ടുപോവാൻ ഞാൻ ഭയപ്പെടുന്നു. എന്തായാലും നമ്മുടെ പ്രണയം ദൃഢരൂഢമല്ലെന്നതാണ് ഇതിന്നു കാരണം. രോഹിണിയ്ക്ക് മറ്റെല്ലാറ്റിനേയും മറക്കാൻ കഴിഞ്ഞിട്ടില്ല. ശരി, ഞാൻ കാത്തിരിക്കാം. പരാജയമെങ്കിൽ അതാകട്ടെ. രോഹിണിയുടെ പേരിലാകുമ്പോൾ അതിന്നു വിജയത്തിന്റെതന്നെ ആഹ്ലാദകാരിത്വമുണ്ട്. രോഹിണി: ഹാ, അതാണ് അതിലും കഷ്ടം. പ്രഭാകരൻ എന്റെ പ്രണയസ്ഥൈര്യത്തിൽ സംശയിക്കുന്നു. ഇല്ല; ഞാൻ പിന്തിരിയുന്നില്ല. ഞാൻ എല്ലാം മറക്കട്ടെ. (കണ്ണടച്ചു കൈകൂപ്പിനിന്ന്) അച്ഛാ! (പ്രഭാകരന്റെ കൈപിടിച്ച്) വരു, നമുക്കു വേഗം പോകാം. (നടക്കുന്നു)

(മാസ്റ്ററും സൌദാമിനിഅമ്മയും പ്രവേശിക്കുന്നു. മാസ്റ്റർ മകളുടെ മുമ്പിൽ വന്നുനിന്ന് ചുമലിൽ കൈവെയ്ക്കുന്നു.) രോഹിണീ, ഭയപ്പെടേണ്ട. (രോഹിണി മാസ്റ്ററെ നോക്കി സ്തബ്ധയായി നില്ക്കുന്നു. മാസ്റ്റർ പ്രഭാകരന്നുനേർക്ക് തിരിഞ്ഞ്) – സേർ, നിങ്ങൾ അവിവേകമാണ് കാണിച്ചത്.

പ്രഭാകരൻ: (നമ്രമുഖനാകുന്നു) സേർ, ഞാൻ നിങ്ങളോട് അനീതി പ്രവൃത്തിച്ചു ശരിയാണ്. ഒരുത്തരവും എനിയ്ക്കില്ല. ഇതാ, ഒരു തടവുകാരനെപ്പോലെ ഞാൻ താങ്കളെ പിന്തുടരാം. താങ്കൾ എന്നെ നിയമഹസ്തങ്ങളിൽ ഏല്പിച്ചുകൊള്ളു. എന്റെ ഉയിർകൊണ്ട് ഞാനിതിന്നു സമാധാനം പറയട്ടെ.

സൌദാമിനി: മാസ്റ്റർ രോഹിണിയേയും കൊണ്ട് വീട്ടിലേയ്ക്ക് നടന്നുകൊള്ളു.

മാസ്റ്റർ: അപ്പോൾ നിങ്ങൾ...

സൌദാമിനി: ഭയപ്പെടേണ്ട. അതെല്ലാം ശരിയാക്കിക്കൊള്ളാം.

മാസ്റ്റർ: (കുറച്ചുനേരം ആലോചിച്ചുനിന്നിട്ട്) ശരി: എനിയ്ക്കു നിങ്ങളുടെ പ്രാപ്തിയിൽ വിശ്വാസമുണ്ട്. (തിരിഞ്ഞു പ്രഭാകരനോട്) ഞാൻ നിങ്ങൾക്ക് മാപ്പു തന്നിരിയ്ക്കുന്നു.

(പ്രഭാകരൻ നിശ്ശബ്ദനായി നില്ക്കുന്നു)

മാസ്റ്റർ: രോഹിണീ, നടക്കു.

(രോഹിണി അനങ്ങാതെ നില്ക്കുന്നു)

പ്രഭാകരൻ: രോഹിണി പോയ്ക്കൊള്ളു. എന്റെ അവിവേകം നിന്നെ നശിപ്പിച്ചു. ഈശ്വരൻ നിന്നെ രക്ഷിയ്ക്കട്ടെ.

രോഹിണി: അച്ഛാ, അനർഹയായ ഈ മകളെ അച്ഛൻ ഉപേക്ഷിച്ചേക്കുക. ഞാൻ അച്ഛന്റെ സൽപേരിനെ നശിപ്പിച്ചു.

മാസ്റ്റർ: മകളേ, നീ എന്റെ ആത്മാവിനെ നശിപ്പിക്കാതെ എന്റെ വാർദ്ധക്യത്തിൽ എന്നോട് അനുകമ്പ കാണിയ്ക്കു. ഞാൻ അധിക ദിവസം ജീവിയ്ക്കില്ല. മരിയ്ക്കുമ്പോൾ നിന്റെ കൈകൊണ്ട് എനിയ്ക്കു വെള്ളം തരു. പിന്നെ നിന്റെ ഇഷ്ടപ്രകാരം നടന്നുകൊള്ളു. ഞാൻ തടയാനുണ്ടാവില്ലല്ലോ.

(രോഹിണി കരയുന്നു)

പ്രഭാകരൻ: (രോഹിണിയെ സമിപീച്ച്) ചെല്ലു. അച്ഛനെ സങ്കടപ്പെടുത്തരുത്. വിധിക്ക് കീഴടങ്ങുന്നതിൽ കരഞ്ഞിട്ട് എന്തു പ്രയോജനം?

(രോഹിണി അച്ഛന്റെ പിന്നാലെ പോകുന്നു. പ്രഭാകരനും സൌദാമിനിയും അന്യോന്യം നോക്കി നിൽക്കുന്നു.)

പ്രഭാകരൻ: (തീവ്രരോഷത്തോടെ) ദാമിനി; നീ ഞങ്ങളെ രണ്ടാളെയും നശിപ്പിച്ചു.

സൌദാമിനി: (നിശ്ശബ്ദയായി നിൽക്കുന്നു.)

പ്രഭാകരൻ: എന്നെ നീ നശിപ്പിച്ചുകൊള്ളു. എന്തായാലും ഞാൻ നിനക്ക് കുറച്ചൊക്കെ കടമപ്പെട്ടിട്ടുണ്ട്. എന്നാൽ രോഹിണിയെ സംബന്ധിച്ചാകട്ടെ, നീ ചെയ്തത് കടുത്ത ദുഷ്ടതയാണ്.

സൌദാമിനി: (വീണ്ടും നിശ്ശബ്ദം)

പ്രഭാകരൻ: എനിയ്ക്കു നിന്നെ മനസ്സിലാകുന്നില്ല. എപ്പോഴും നീയെന്നെ നിന്റെ കണ്ണിന്നു മുമ്പിലിട്ട് വട്ടം ചുറ്റിയ്ക്കുന്നു. ചൂണ്ടലിൽ കുടിങ്ങിയ മീനിന്റെ പ്രാണഭയം കണ്ടു രസിയ്ക്കുന്ന മീൻപിടുത്തക്കാരനെപ്പോലെ അത്രയ്ക്കു ദുഷ്ടത നിറഞ്ഞ ഒരു രസമാണ് നിനക്കെന്നെ നോക്കിക്കാണുമ്പോൾ

ഉള്ളത്. ഹാ, ഞാൻ നിനക്കെന്തപരാധം ചെയ്തു? നീയെന്നെ താലോലിച്ചു നിർത്തുകയും എന്നിൽ മയങ്ങിക്കിടന്ന എല്ലാ അഭിലാഷങ്ങളേയും ഉണർത്തിവിടുകയും ചെയ്തു. അപ്പോൾതന്നെ സങ്കോചമില്ലാതെ നീ മറ്റു കാമുകന്മാരെ അന്വേഷിക്കുന്നു, സ്വീകരിയ്ക്കുന്നു. എന്റെ മുമ്പിൽവെച്ചുതന്നെ നീ അവരുടെ വഴിയെ അലഞ്ഞുതിരിയുവാൻ ഇഷ്ടപ്പെടുന്നു. എന്റെ ഹൃദയം ഉമിത്തീയ്യിൽക്കിടന്നു നീറുന്നത് നീ ശ്രദ്ധിച്ചില്ല. പോട്ടെ, ഞാൻ വിമോചനത്തിന്നു യത്നിച്ചു. എന്റെ ഹൃദയം നിന്റെ നേർക്ക് കുതറിപാഞ്ഞു. ഞാനതിനെ പിടിച്ചുനിർത്തി. എന്നിട്ട് അതിനെ മറ്റൊരു പന്തലിൽ പടർത്താൻ ശ്രമിച്ചു. പോരാ, രക്ഷ കിട്ടണമെങ്കിൽ ഓടിപ്പോകണമെന്നായി. നീ കച്ചവടത്തിന്നു തന്ന പണവും പലിശയും നിനക്കു മടക്കിത്തന്നു. ഓ, അല്ലെങ്കിലിതാ നിന്റെ പേരിൽ ബാങ്കിലടച്ച രശീതി. (കടലാസ് എടുത്തു നീട്ടുന്നു) അതേ, അതായിരിക്കും നീ എന്നെ പിന്തുടർന്നത്. നിന്റെ പണം അപഹരിച്ച് ഞാൻ ചാടിപ്പോവുകയാണല്ലോ. ഇല്ല; ഞാനപഹരിച്ചിട്ടില്ല. നിന്റെ പണവും പലിശയും അടച്ചിട്ടുണ്ട്. ഇതാ രശീതി. നീട്ടുന്നു; (വാങ്ങായ്കയാൽ നേർക്കു വലിച്ചെറിഞ്ഞു കൊടുക്കുന്നു.) ഇനി എന്നെ വെറുതെവിടൂ. ദുഷ്ടേ, ഇനിയെങ്കിലും എനിക്കു മോചനം തരു. (പ്രഭാകരൻ നടക്കുന്നു.)

സൌദാമിനി: (ഓടിച്ചെന്ന് കാല്ക്കൽവീണ്) ഒരു വാക്ക്. ഒരൊറ്റ വാക്ക്. (തേങ്ങിക്കരയുന്നു) എഴുന്നേറ്റു കാല്ക്കൽത്തന്നെകാൽമുട്ടിലൂന്നി നില്ക്കുന്നു ഈശ്വരന്റെ പേരിൽ – ഞാൻ യാചിക്കുന്നു – എനിയ്ക്കു മാപ്പുതരു. പ്രഭാകരാ, ഞാൻ ഒരിക്കലും പ്രഭാകരനെ വഞ്ചിച്ചിട്ടില്ല; എന്നല്ല, അവിസ്മരണീയമായ പലതും നമ്മുടെ ജീവിതത്തിലില്ലേ. ആ അനർഘനിമിഷങ്ങളുടെ പേരിൽ – ഞാൻ ഒരിക്കൽക്കൂടി യാചിക്കുന്നു – സൌദാമിനിയ്ക്കു പറയുവാനുള്ള ചിലതുകൂടി കേൾക്കണമെന്ന്. എന്നിട്ട് വേണമെങ്കിൽ പ്രഭാകരൻ കടന്നുപോയ്ക്കോളു; എന്റെ നീചമായ ഈ മാംസപിണ്ഡത്തെ ചവിട്ടി മെതിച്ചുകൊണ്ട്. അപ്പൊഴും എന്റെ ആത്മാവ് കൂടെയുണ്ടാവും. അതിനെ തടുക്കാനാവില്ല. ഒരിയ്ക്കൽക്കൂടി എന്നെ വിശ്വസിയ്ക്കു. പ്രഥമദർശനത്തിൽ എന്നിൽ മുളച്ചുയർന്ന അഭിലാഷങ്ങൾ അതേചൂടോടുകൂടി എന്നിൽ ഇപ്പോഴും അസ്പഷ്ടമായിട്ടിരിയ്ക്കുന്നുവെന്ന് ഞാൻ ഉറപ്പുപറയട്ടെ. ആ അഭിലാഷങ്ങളെ കുറേക്കൂടി രസം പിടിപ്പിക്കാൻ ഞാൻ പ്രഭാകരനെ കരുതിക്കൂട്ടി ശുണ്ഠിപിടിപ്പിച്ചിട്ടുണ്ട്. ഞാൻ തുറന്നു പറയട്ടെ, അരിശംകൊണ്ട് ചുകപ്പുകൂടിയ ആ മുഖം എന്നെ ആനന്ദമൂർഛ കൊള്ളിച്ചിട്ടുണ്ട്. അതൊന്നു കാണാൻവേണ്ടി ഞാൻ അത്തരം സന്ദർഭങ്ങളെ സൃഷ്ടിച്ചു. ഹാ, ഞാൻ കാമുകരുടെ പിന്നാലെ ഓടിയെന്ന്. പ്രഭാകര, ഇതു വിശ്വസിയ്ക്കുന്നതിന്നു മുമ്പായി ഇവിടെ (നെഞ്ചിൽ കൈവെച്ചിട്ട് ) നിനക്കുവേണ്ടി മാത്രം ഒരുക്കിവെച്ചിട്ടുള്ള ആ പീഠത്തെ ഈ കാൽകൊണ്ട് ചവിട്ടി മറിച്ചിടു.

പ്രഭാകരൻ: ഓ, ഈശ്വരാ!

സൌദാമിനി: (എഴുന്നേറ്റ്) പണം! വലിച്ചെറിയു. എനിക്കു നിന്റെ പണം വേണ്ട. പ്രാണൻ കിടന്നു പിടയുന്ന എനിയ്ക്കാണ് പണം! പറയൂ, എന്നെ ചവിട്ടി മറിച്ചിട്ട് കടന്നുപോകുന്നതിന്നു മുമ്പായി ഒരിക്കലെങ്കിലും എന്നോടു പറയൂ പ്രഭാകരൻ ദാമിനിയെ സ്നേഹിച്ചുവെന്ന്. ഇതാ ഇവിടെ വെച്ച് ഈ കാല്ക്കൽവെച്ചുതന്നെ പരിപൂർണ്ണസംതൃപ്തിയോടുകൂടി ഞാൻ എല്ലാം അവസാനിപ്പിയ്ക്കാം.

പ്രഭാകരൻ: ഓ! ഈശ്വരാ.

സൌദാമിനി: (പ്രഭാകരന്റെ ചുമലിൽ കൈവെച്ച്) എനിയ്ക്ക് കാമുകന്മാർ! എങ്കിൽ നിന്റെ പേരിൽ ഈ ചീത്തത്തങ്ങളൊക്കെ വലിച്ചുവെയ്ക്കാൻ ഞാൻ വെമ്പില്ലായിരുന്നു. കാമുകന്മാർ. ആ വാക്കു കൊണ്ടുപോയി ചുടുമോ? ദാമിനി പ്രഭാകരന്റെതായിരുന്നു. ഇനി എന്നും അങ്ങിനെത്തന്നെ ആയിരിയ്ക്കുകയും ചെയ്യും. അവളെ ചവിട്ടിത്തള്ളിയാൽക്കൂടി.

പ്രഭാകരൻ: ഓ ഈശ്വരാ.

സൌദാമിനി: പിന്നെ, ഞാൻ വിവാഹത്തിന്ന് വൈമുഖ്യം കാണിച്ചു. ശരി. അതു സ്ഥിതിയിലും സമ്പത്തിലും എനിയ്ക്കുള്ള പ്രാമാണ്യംകൊണ്ടാണെന്നു നീ തെറ്റിദ്ധരിച്ചിരിയ്ക്കുന്നു; ശരി. സ്ഥിതിയും പണവുമുണ്ട്; നാം രണ്ടാൾ അതില്ലെന്നു പറഞ്ഞാൽ ആകുമോ? അതിലുമുപരിയായി എനിയ്ക്ക് പ്രഭാകരനെ സ്നേഹമുണ്ട്. ആ സ്നേഹം നമ്മുടെ വിവാഹത്തിന്നു തടസ്ഥമാണ്. അതു ഞാൻ പറയണമോ!

പ്രഭാകരൻ: (സ്വന്തം കയ്യ്കൊണ്ട് ദാമിനിയുടെ അരക്കെട്ടിനെ വലയംചെയ്ത്) അതെന്താണ് ദാമിനി!

സൌദാമിനി: അതേ. അതും ഞാൻ പറഞ്ഞുതരണം! ഇങ്ങിനെ കട്ടിയായാലോ!............(എന്തോ പറയാൻ പുറപ്പെട്ടതിനെ വേണ്ടെന്നുവെച്ച് )............ഒരു ഗൃഹിണിയാവാൻ സമുദായസേവനം എന്നെ അനുവദിയ്ക്കുന്നില്ല. ഞാൻ എന്നും ഇങ്ങിനെത്തന്നെ ഇരുന്നുകൊള്ളാം. ഒന്നുമാത്രം, എന്റെ ഹൃദയത്തിന്ന് നിന്നെ സ്നേഹിയ്ക്കണം; ആരാധിയ്ക്കണം. പ്രഭാകരാ, എന്നെ ചവിട്ടിമറിച്ചിട്ട് നീ മുമ്പോട്ടു കടന്നുപോകുമ്പോൾ ആ കാലിൽ ഒരു മുള്ളെങ്കിലും തട്ടാതിരിക്കാൻ, ഉരുകി പ്രാർത്ഥിക്കുന്ന ഈ നെഞ്ചിന്റെ ചുട്ട വീർപ്പ് നിന്നെ അനുഗമിയ്ക്കുന്നുണ്ടെന്ന് ഒന്നോർമ്മിക്കണേ.

പ്രഭാകരൻ: ദാമിനി, മാപ്പുതരു. (കയ്യെടുത്ത് കാല്ക്കൽ വീഴാൻ ഭാവിയ്ക്കുന്നു. ദാമിനി കെട്ടിപ്പിടിക്കുന്നു)

(കർട്ടൻ)

**രംഗം 8**

അഞ്ചാം രംഗത്തിലെ സ്ഥലവും സമയവും. 3 കുട്ടികളും. കമല കെട്ടുപിണഞ്ഞ കുറെ നൂൽ വിടർത്തിക്കൊണ്ടിരിയ്ക്കുന്നു. വിമല അവളുടെ നൂൽക്കെട്ട് ഒരു ഭാഗത്ത് വെച്ചിട്ട് അടുത്തുചെന്നു കമലയോട്ന്ന

വിമല: ഇതെന്തേ കമലേ. നീയത് മുഴുവൻ കുടുക്കാക്കിക്കഴിഞ്ഞു.

കമല: ഒന്നും പറേണ്ടന്റെ വിമലേടത്യേ. ഞാൻ ശ്ശി നേരായി ഇതിന്മേൽ മിനക്കെട്ടോടങ്ങീട്ട്.

ശാരദ: (അടുത്തുചെന്നിട്ട്) ത്ങ്ങനെ കുടുക്കാക്കാനേ (കുനിഞ്ഞ് നോക്കീട്ട്) എന്റെ ഈശ്വരന്മാരേ!

കമല: ആ, കുടുക്കാക്കുകതന്നെയാണ് ഞാൻ ചെയ്തേന്ന് തോന്നുന്നു. അങ്ങിനെതന്നെയാ മറ്റാരും സഹായിക്കാനില്ലെങ്കില്; അല്ലേ വിമലേടത്യേ.

വിമല: അതേതേ. അവരവര് ഉണ്ടാക്കിത്തീർക്കണ കുടുക്കൊക്കെ മറ്റൊരാളുടെ മുമ്പിലക്ക് ഇട്ടുകൊടുക്കാൻ തന്നെയാ രസം. ഇന്നാള് രോഹിണി കണ്ടില്ലേ. അമ്മയ്ക്കങ്ങട്ട് ഒഴിഞ്ഞു കൊടുത്തത്.

(വിമലയും കമലയും ചിരിയ്ക്കുന്നു)

ശാരദ: എന്നാ നെന്റെ കുടുക്കും അവിടെ എടുത്തുവെച്ചോ. അമ്മ വരുമ്പോ അങ്ങട്ട് ഏല്പിച്ചൂടെ. അവര് എന്തിനാ വിമലേടത്യേ, ഇതൊക്കെങ്ങനെ ഏറ്റടുക്ക്ന്ന്

വിമല: ഔ. വല്ലാത്തൊരു കുട്ട്യോള്. എനിക്ക് നിശ്ചല്യേ എന്തിനാണൊന്നും ഒന്നൂക്കിൽ എല്ലാ നൂലാമാലേലും പെടായിരിയ്ക്കും അവർക്ക് സുഖം; അല്ലെങ്കില് ഈ ചീത്തത്തൊന്നും നമ്മക്ക് വേണ്ടാച്ചിട്ടായിരിക്കും!

കമല: വേണ്ട, വേണ്ട. എന്നെ ആരും സഹായിയ്ക്കണ്ട. എന്റെ ചീത്തത്തായാൽ അത് ഞാന്തന്നെ വെച്ചിരുന്നോളാം.

ശാരദ: എന്നാ നിയ്യ് അമ്മേക്കാണിക്കണ്ട. കാണിച്ചാ രോഹിണിടെ മാതിരി ഏല്പിച്ചുകൊടുക്കണ്ടിവരേ.

വിമല: ന്നാലോ കഷ്ടായി രോഹിണിടെ കാര്യം. അച്ഛനും മരിച്ചു. ഒറ്റയ്ക്കും ആയി.

കമല: കഷ്ടം തന്നെയായി. എങ്ങിനെ ഈ ഭാരൊക്കെപ്പാടെ കൊണ്ടുനടക്കണാവോ. കളി ആക്കീര്ന്നെങ്കിലും കഷ്ടത്തിലായി കാണുമ്പോ സഹിക്കിണില്ല.

ശാരദ: എങ്ങിനെ കൊണ്ടുനടക്കാച്ചാലോ. രാവും പകലും നൂലെടുക്കുംത്രെ. താഴെള്ള കുട്ട്യേളൊക്കെല്യെ. അവരും സഹായിയ്ക്കുംത്രെ. കണ്ടില്ലേ, ആഴ്ചയില് നാല്ഞ്ചുറുപ്പികയാണ് ഇവിട്ന്ന് കൊണ്ടുപോണത്. പിന്നെ, ആ മാസ്റ്റര്ടെത്തിരി എന്തോ സമ്പാദ്യേംണ്ടത്രെ.

വിമല: ഒരു സിദ്ധനായ്രുന്നൂത്രെ ആ മാസ്റ്റർ. മരിയ്ക്കുന്നതിന്റെ രണ്ടു ദിവസം മുമ്പെ പറേം ചെയ്തുത്രെ, താൻ അടുത്ത് മരിക്കാണെന്ന്. എന്നിട്ട് ഒരു ദണ്ണോംല്യാതെ ഒരു ദിവസം രാത്രി ഊണും കഴിഞ്ഞങ്ങ്ട് കെടന്നു, മരിക്കും ചെയ്തു.

കമല: ന്ന്ട്ട് ആ പെൺകുട്ടി ഒരു കുലുക്കോംല്യതെങ്ങനെ കൊണ്ട് നടക്ക്ണ്ണ്ടലോ. ചുരുങ്ങ്യതരത്തില് ഭംഗ്യായിട്ട് ഒരടിയന്തരോം കഴിച്ചു. പാവം, എങ്ങനൊക്കെ നടന്നതാ അച്ഛനുള്ളപ്പോ!

ശാരദ: അതേ. ആര്ടൊക്കെ പിന്നാലെ ഓടി!

വിമല: അങ്ങനെല്ല. ആരൊക്കെ അവളുടെ പിന്നാലെക്കൂടീന്ന് ചോദിക്ക്. ഇപ്പോ ഒരാളൂല്യ, മാധവമേനോനൂല്യ:

പ്രഭാകരനൂല്യ.
കമല: അമ്മ കൊറെ പണം കൊടുത്തയച്ചൂത്രെ, മാസ്റ്റര് മ രിച്ചൂന്ന് കേട്ടപ്പോ. അവളത് തൊടാതെങ്ങട് മടക്കി അയച്ചു. മിടുക്കത്തി അല്ലേ വിമലേടത്ത്യേ?
വിമല: ഓ, മിടുക്കത്ത്യന്നെ.
(ഗോപാലൻ പ്രവേശിയ്ക്കുന്നു. കയ്യുകൊണ്ട് ചർക്ക തിരിയ്ക്കുന്നതായി നടിച്ചു. കിർ-ർ എന്നൊരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടും)
ഗോപാലൻ: കാത്തിരിയ്ക്കണ്ട, കാത്തിരിയ്ക്കണ്ട. കിർ-കിർ. പോയ്ക്കോളിൻ കിർ-കിർ ഇന്നമ്മയ്ക്ക് വേറെന്തോ തിരിയ്ക്കാൻ പോവാണ്. നിങ്ങളെ തിരിപ്പിക്കണ്ല്യ കിർ-കിർ നാളെ വരാൻ പറഞ്ഞു നൂലെട്ക്കാൻ.
(കുട്ടികൾ ചിരിയ്ക്കുന്നു)
വിമല: എങ്ങട്ടാ ഗോപാലാ അമ്മ പോയ്ര്ക്കണ്?
ഗോപാലൻ: എങ്ങട്ടായാ എന്താ. വരില്ലാന്ന് പറഞ്ഞില്ലേ, കിർ, പെണ്ണേ.
(വിമല ഗോപാലനെ നൂലിൻകെട്ടുകൊണ്ട് പ്രഹരിയ്ക്കുന്നു)
ഗോപാലൻ: അയ്യോ പറയാം; പറയാം. പിന്നെ പ്രഭാകരന്റെ കൂടെ റജിസ്റ്റ്രാക്കാൻ പോയി.
വിമല: എന്ത് റജിസ്റ്റ്രാക്കാനേടാ.
ഗോപാലൻ: (ശാരദയുടെ കയ്യ് പിടിച്ച്) ഇങ്ങിനെ- (ശൃംഗാരം അഭിനയിക്കുന്നു)
(ചിരി - ഗോപാലൻ ഓടിപ്പോകുന്നു.)
കമല: അതൊക്കെ പഴയ വർത്തമാനാണ്, വിമലേടത്ത്യേ. ഇന്നലെ ഏട്ടൻ ആരോടൊ പറയണത് കേട്ടൂ. റജിസ്റ്റ്രാക്കാം എന്നൊക്കെ വെച്ചിട്ടാത്രെ അവര് രണ്ടാളുംകൂടി പോയത്. അവിടെ ചെന്നപ്പൊ അതൊക്കെ മാറി.
വിമല: ഏ, അതെന്തേ? എന്നിട്ട് പ്രഭാകരൻ എന്തു ചെയ്തു?
കമല: എന്തു ചെയ്യാനാ, ഒരാൾക്ക് അതിനിഷ്ടല്ലെങ്കില്.
വിമല: എന്നാൽ ആയാൾക്ക് സ്വാതന്ത്രായീ കയ്യും വീശി നടന്നൂടെ. ഇതിന്റെ പിന്നാലെങ്ങനെ കൂടണോ!
കമല: അതൊട്ടു സമ്മതിക്കൂല്യ. അമ്പോ, വല്ലാത്തൊരു സാമർത്ഥ്യം. മീനിനെ ഒക്കെ ചൂണ്ടലിൽ ഇങ്ങിനെപെടുത്തി പെടേണത് കാണാനാ ഒരാൾക്ക് ഇഷ്ടംച്ചാൽ എന്താ ചെയ്യാ?
വിമല: (ആലോചിച്ച്) എന്താ ചെയ്യ്ാ. പക്ഷെ,
കമല: കാലത്ത് നേരത്ത് ഒരാളൂണ്ടായില്യ കഴുത്തിൽ ചെരട് കെട്ടാൻ. അതിന്റെ പക വീട്ടലേര്യ്ക്കും ഇതൊക്കെ.
ശാരദ: ആവൂന്റെ ഈശ്വരാ!
(കർട്ടൻ)

**രംഗം 9**

രോഹിണിയുടെ വീട്. രോഹിണി സശ്രദ്ധം നൂറ്റുകൊണ്ടിരിയ്ക്കുന്നു. മാധവമേനോൻ പ്രവേശിച്ചു നോക്കിക്കൊണ്ടു നിൽക്കുന്നു.
മാധവമേനോൻ: (ഉലാത്തിക്കൊണ്ട് ആലോചിച്ച്) അതെ, ഞാൻ അപരാധിതന്നെയാണ്. എങ്കിലും പ്രതിവിധിക്ക് സമയമുണ്ട്. (ഉറക്കെ) രോഹിണി,
രോഹിണി: (തിരിഞ്ഞുനോക്കി എഴുന്നേറ്റ്, കസേലയിട്ടു കൊടുക്കുന്നു) ഇരിയ്ക്കൂ.
മാധവമേനോൻ: (ഇരിയ്ക്കുന്നു) ഇനി ഇവിടെ (അടുത്ത കസേലചൂണ്ടുന്നു)
രോഹിണി: വേണ്ട, ഞാനിവിടെ നിന്നുകൊള്ളാം.
മാധവമേനോൻ: അതുപോര. എനിയ്ക്കുവേണ്ടി കുറച്ചുനേരം ഇവിടെ ഇരിയ്ക്കു. അങ്ങിനെ ആ കഴിഞ്ഞുപോയ - അച്ഛനുണ്ടായിരുന്ന - കാലത്ത് നാം അനുഭവിച്ചിരുന്ന കറയറ്റ ആഹ്ലാദത്തിന്റെ

അന്തരീക്ഷം ഒരിയ്ക്കൽക്കൂടി സൃഷ്ടിക്കുവാൻ നമുക്കൊന്നു പരിശ്രമിച്ചു നോക്കിക്കൂടെ?

രോഹിണി: (നിസ്തോഭം) കഴിഞ്ഞതു കഴിഞ്ഞു. ഇനി അതഭിനയിച്ചുണ്ടാക്കാൻ വയ്യ. അല്ലെങ്കിൽ അതുതന്നെ ഒരഭിനയമായിരുന്നില്ലെ എന്നു ഞാൻ ഭയപ്പെടുന്നു. എനിക്ക് യാഥാർത്ഥ്യങ്ങളെ നേരിടുകയാണ് ഇഷ്ടം.

മാധവമേനോൻ: ഉൽക്കൃഷ്ടമായത് എന്തും പ്രതിഭാസമായാൽക്കൂടി ഞാനിഷ്ടപ്പെടുന്നു; പക്ഷെ, യാഥാർത്ഥ്യത്തേക്കാൾ ഏറെ.

രോഹിണി: അതൊരു ഭാഗ്യമാണ്. ഞങ്ങൾ, സ്ത്രീകൾക്ക് പൊതുവെ കലാവാസന കുറവാണ്. അതുകൊണ്ട് ഭാവനയുടെ തിരശ്ശീല വളരെ നേർത്തുപോകുന്നു. അതിന്നുള്ളിലൂടെ നേപത്ഥ്യത്തിലെ യാഥാർത്ഥ്യങ്ങളെ കാണാതിരിയ്ക്കാൻ വയ്യ. അങ്ങിനെ വർത്തമാനത്തിന്റെ നാടകങ്ങളെല്ലാം ഞങ്ങൾക്ക് രസംകൊല്ലികളായി പോകുന്നു.

മാധവമേനോൻ: എന്നാലും കുറച്ചുനേരം ഇവിടെ ഇരിയ്ക്കു. നിങ്ങളുടെ അതിഥിയ്ക്കതു സന്തോഷപ്രദമാകുമെങ്കിൽ അതു ചെയ്യേണ്ടതാണല്ലോ. ഞാനാകട്ടെ, ഇന്ന് രോഹിണി കണ്ട ഭാവനാമാത്രജീവിതനല്ല. യാഥാർത്ഥ്യങ്ങളുടെ തന്നെ ഒരു ഭാരിച്ച ചുമട് എന്റെ മനസ്സിനെ ഞെരുക്കുന്നുണ്ട്. അതൊന്ന് ലഘൂകരിക്കാൻ രോഹിണിയുടെ അനുകമ്പയോടിരക്കുന്നതിന്നാണ് ഞാൻ വന്നത്.

(രോഹിണി മിണ്ടാതെ ഇരിയ്ക്കുന്നു)

മാധവമേനോൻ: രോഹിണീ, ഞാൻ നിന്നോട് കവിഞ്ഞ അനീതി പ്രവർത്തിച്ചു. ഞാൻ മനസ്സിലാക്കുന്നുണ്ട്, ഒരു പെൺകുട്ടിയോടാവുമ്പോൾ അത്രയും കനത്ത ഉത്തരവാദിത്വം വഹിക്കുന്ന പാപം. നീ എനിയ്ക്കു മാപ്പുതരണം.

രോഹിണി: (കണ്ണിൽ വെള്ളം നിറച്ചുകൊണ്ട്) ഞാനാണ് തെറ്റുകാരി. പക്ഷെ നിങ്ങൾ ഇതേവരെ അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് എന്റെ പാപത്തിന്ന് നികൃഷ്ടതകൂടുന്നതേയുള്ളു. എനിക്കു നിങ്ങളോടിപ്പോ യാതൊരു വിദ്വേഷവുമില്ല; ആരോടുമില്ല.

മാധവമേനോൻ: ഇല്ല, പ്രഭാകരനെ നീ സ്നേഹിക്കുന്നതായും മറ്റും ലോകസംസാരമുണ്ടായത് ഞാനറിഞ്ഞു. പക്ഷെ, ഞാൻ മനുഷ്യനെ കുറച്ചുകൂടി അറിഞ്ഞിട്ടുണ്ട്. മറിച്ച് എന്റെ കുറ്റത്തിന്ന് കനം കൂടുമെന്ന് എനിയ്ക്കുതോന്നുന്നു. അതിന്നെനിയ്ക്ക് മാപ്പുതരുമോ?

രോഹിണി: മാധവമേനോൻ, നിങ്ങൾ എന്റെ അപരാധങ്ങളെ വിശ്വസിയ്ക്കുന്നില്ലെന്നു പറയുമ്പോൾ നിങ്ങൾ തെറ്റിദ്ധരിച്ചിരിയ്ക്കുന്നു. അതേ, നിങ്ങളുടെ മുമ്പിൽ അത്രയും പരിശുദ്ധയും നിരുപദ്രവിയുമായി പ്രത്യക്ഷപ്പെടാൻ എനിക്ക് കഴിഞ്ഞിരുന്നതുകൊണ്ട് നിങ്ങൾക്കെങ്ങിനെ വിചാരിക്കാനെ ന്യായമുള്ളു. പക്ഷെ, അതു സത്യമല്ല. എന്നെസ്സംബന്ധിച്ചേടത്തോളം ജീവിതത്തിലെ പല മിഥ്യാഭ്രമങ്ങളേയും ഞാൻ അച്ഛന്റെ മരണശയ്യക്കു മുമ്പിൽവെച്ച് ഊരിവെച്ചു കഴിഞ്ഞിരിയ്ക്കകൊണ്ട് യഥാർത്ഥനിറത്തിൽ പ്രത്യക്ഷപ്പെടുവാൻ ഞാൻ മടിക്കുന്നില്ല. എന്നല്ല, ലോകം യഥാർത്ഥത്തിലുള്ള രോഹിണിയെ നോക്കിക്കാണണമെന്നുകൂടി ഇന്നെനിക്കുണ്ട്

മാധവമേനോൻ: ഞാനിതൊന്നും അത്ര കാര്യമായെടുക്കുന്നില്ല. ഞാൻ രോഹിണിയെ ഒരിയ്ക്കൽ സ്നേഹിച്ചു. ആ സ്നേഹത്തിലൂടെതന്നെ ഇന്നും നോക്കിക്കാണുന്നു. പരിശുദ്ധയുടേതായ പരിവേഷത്തോടുകൂടിയല്ലാതെ ഇപ്പോഴും ഞാനവളെ കാണുന്നില്ല. മറിച്ച്, എന്റെ അപരാധങ്ങളാകട്ടെ, വിശേഷിച്ചും നിസ്സഹായയായ ഒരു ബാലികയോട് കാണിച്ചത്, അതെന്നെ വീർപ്പുമുട്ടിച്ചു കൊല്ലുന്നു. അതെല്ലാമൊന്നു വിളിച്ചുപറഞ്ഞ് രോഹിണിയുടെ മാപ്പിന്നിരക്കുകയും രോഹിണി കൂടുതൽ വേദനപ്പെടാത്തപക്ഷം ആ മനസ്സിൽ മുമ്പുണ്ടായിരുന്ന അതേ പീഠം വീണ്ടും അവകാശപ്പെടുകയും ചെയ്യാനാണ് ഞാൻ വന്നത്. പറയു, ഞാൻ വെറുംകയ്യോടെ തിരിച്ചുപോകേണ്ടിവരുമോ?

രോഹിണി: ഞാൻ വ്യസനിയ്ക്കുന്നു, മാധവമേനോൻ. എന്നിൽ താങ്കൾ ദർശിച്ചിരുന്ന ആ എല്ലാ ഉൽകൃഷ്ടതകളും ഒന്നൊന്നായി നശിച്ചുകഴിഞ്ഞിരിയ്ക്കുന്നു. ഇപ്പോൾ എന്നിലുള്ളതെന്തും പങ്കിലമാണ് – എന്തിനധികം, എന്റെ സ്ത്രീത്വംകൂടി! ഒന്നുമാത്രം എനിയ്ക്കു കൈവന്നിട്ടുണ്ട്, അച്ഛന്റെ പാരമ്പര്യത്തിൽനിന്ന് – സത്യം തുറന്നുപറയാനുള്ള ധൈര്യം.

മാധവമേനോൻ: രോഹിണി, ഈ വാക്കുകൾ എന്നെ ഒട്ടല്ല ആഹ്ലാദിപ്പിയ്ക്കുന്നുള്ളു, മനുഷ്യാത്മാവിന്ന്

ദേവതകളുടേതായ ചിറകു ലഭിയ്ക്കുമ്പോഴാണ് അതിങ്ങിനെ സത്യസുന്ദരമാവുക. രോഹിണിക്ക് അതു സിദ്ധിച്ചു കഴിഞ്ഞു. എന്നിട്ട് അലൌകികതയിലേയ്ക്ക് പറന്നെത്തിയ അതു കഴിഞ്ഞ കാലങ്ങളിലുണ്ടായ മാനസികമായ ഏതോ ക്ഷുദ്രചാഞ്ചല്യങ്ങളെ കനപ്പിച്ചുകണ്ട് കണ്ണീർ വാർക്കുകയാണ്. അത്രയും വിശിഷ്ടം!

രോഹിണി: അങ്ങിനെയല്ല; തീരെ അങ്ങിനെയല്ല. സംഭവങ്ങളെ ശരിയ്ക്കു മനസ്സിലാക്കുമ്പോൾ താങ്കൾക്കെന്നെ വെറുക്കാതെ വയ്യ. ഏതു വിശാലഹൃദയത്തിന്നും പൊറുപ്പിക്കാനാവാത്തതാണ് എന്റെ അപരാധം. അഥവാ, നീട്ടുന്നതെന്തിന്ന്, ഇന്നിപ്പോൾ മനസ്സിലേയ്ക്ക് അനുകമ്പയുടേതായ ചിറ പൊട്ടിച്ചുവിട്ട് ആ ഭയങ്കരമായ ഒഴുക്കുത്തലിലൂടെ താങ്കൾ ഇങ്ങോട്ട് ഒലിച്ചെത്തിയിരിയ്ക്കുന്നു. എങ്കിലും താങ്കളെ വേദനിപ്പിച്ചയക്കുന്നതിൽ ഒട്ടും തന്നെ എന്റെ ഹൃദയം വിറക്കൊള്ളുന്നില്ല. ഞാൻ പറഞ്ഞില്ലെ, രോഹിണി ഇന്നൊരു പെൺകിടാവല്ല. അവൾ...

മാധവമേനോൻ: അതേ, അവളൊരു ദേവതയാണ്.

(രോഹിണി കുറച്ചുനേരം കണ്ണടച്ചിരിയ്ക്കുന്നു. പിന്നെ എഴുന്നേറ്റ് അങ്ങുമിങ്ങും ലാത്തുന്നു. ഒരു തീവ്രയാതന അനുഭവിക്കുന്നതായി മുഖത്തു പ്രത്യക്ഷപ്പെടുന്നു. പെട്ടെന്ന് തിരിഞ്ഞുനിന്ന്) - മാധവമേനോൻ, കേൾക്കു. നിങ്ങൾ ഞാനും പ്രഭാകരനും തമ്മിൽ പരിചിതരായിരുന്നുവെന്ന് മാത്രമേ മനസ്സിലാക്കീട്ടുള്ളൂ. ശരി, ഇന്നായാൾ എനിയ്ക്ക് നല്ലൊരു സഹോദരൻ മാത്രമാണ് എന്നാൽ, ഇതു ശ്രദ്ധിച്ചുകേൾക്കൂ. ഞാൻ ആയാളുടെ കൂടെ ചാടിപ്പോയി. ഇത് താങ്കൾ അറിഞ്ഞിട്ടുണ്ടോ? എന്റെ ആ ദുഷ്പ്രവൃത്തികൊണ്ട് അച്ഛന്റെ പ്രശാന്തമായിരുന്ന വാർദ്ധകവയസ്സിനെ ഞാൻ വെട്ടിക്കുറച്ചു. അതേ, പിതൃഹത്യചെയ്ത് ഒരു കാമുകന്റെ വഴിയെ ഓടിപ്പോയ ഒരു കുലടയാണ് ഞാൻ. ഈ നിലയ്ക്ക് നിങ്ങൾ രോഹിണിയെ മനസ്സിലാക്കീട്ടുണ്ടോ?

മാധവമേനോൻ: (നിസ്തോഭം) ഉവ്വ്; നിങ്ങടെ സംരംഭത്തെ തികച്ചും മനസ്സിലാക്കീട്ടുണ്ട്; അത് തടഞ്ഞതിൽ ഒരാളിൽനിന്നു തന്നെ.

രോഹിണി: (രുഷ്ടയായ സർപ്പണിപോലെ തലയുയർത്തിക്കൊണ്ട്) ആ, ഹാ! ആ ദുർമൂർത്തി അവൾക്കു കിട്ടിയ എല്ലാ ആയുധവും പ്രയോഗിച്ചു. (അല്പം ശാന്തയായി.) അല്ലെങ്കിൽ, എനിയ്ക്കതുകൊണ്ടും എന്തുവേണം. രോഹിണിയെ യഥാർത്ഥനിറത്തിൽത്തന്നെ ലോകം നോക്കിക്കാണട്ടെ. (അങ്ങോട്ടുമിങ്ങോട്ടും ലാത്തുന്നു. പെട്ടെന്നു തരിഞ്ഞു നിന്ന്,) അപ്പോൾ, ഇതെല്ലാം ഒരു പെൺകിടാവിനെ സ്നേഹിയ്ക്കുന്നതിന്നുള്ള പ്രചോദകങ്ങളായിട്ടാണോ താങ്കൾ വീക്ഷിച്ചത്!

മാധവമേനോൻ: അതേ, രോഹിണി, ഞാൻ ഈശ്വരന്റെ മുമ്പിൽ നിന്നു പറയുന്നു - അതേ.

രോഹിണി: (കെട്ടാറിയപോലെ കസേലയിൽ കുഴഞ്ഞു വീഴുന്നു.) എനിക്ക് വല്ലാതെ ക്ഷീണം തോന്നുന്നു. എങ്കിലും ഞാൻ മുഴുവൻ പറയട്ടെ. ഒരിയ്ക്കൽ എന്റെ ഹൃദയം അതിന്റെ ഏകനാഥനായി താങ്കളെ അഭിഷേചിച്ചു. അതിന്റെ സർവ്വാഭിലാഷങ്ങളിലൂടെയുമുള്ള കുതറിയോട്ടങ്ങളേതും താങ്കളിലെത്തി തൃപ്തിയടഞ്ഞു. താങ്കളെന്നെ ഉപേക്ഷിച്ചതായി മനസ്സിലാക്കിയപ്പോൾ അത് തേങ്ങിക്കരഞ്ഞു - കടൽപോലെ തേങ്ങിക്കരഞ്ഞു. അത് ഉയിർത്തെഴുന്നേൽക്കലില്ലാത്തവിധം എന്നെന്നേയ്ക്കുമായി നശിച്ചതായി എനിയ്ക്കു ബോധപ്പെട്ടു. അതാ പ്രഭാകരൻ എത്തി. നിസ്സഹായതാബോധമാകുന്ന ഒരമ്പരപ്പിൽനിന്ന് അയാളെന്നെ ഉദ്ധരിയ്ക്കുന്നതായി തോന്നി. അതേ ഹൃദയം, വീണ്ടും ഉയിർത്തെഴുന്നേറ്റ അതേ ഹൃദയം, അതെ ഭക്തിശ്രദ്ധകളോടെ അതിന്റെ പീഠത്തിൽ പൊടിതട്ടിക്കളഞ്ഞ് പ്രഭാകരനെ പ്രതിഷ്ഠിച്ചു. ഉവ്വ്, ഞാൻ എല്ലാം തുറന്നു പറഞ്ഞു. എന്തും സംഭവിയ്ക്കട്ടെ. അവിടെ ചക്രവർത്തിയായിത്തന്നെ പ്രഭാകരൻവാണു. ഒന്നുമാത്രം; എന്റെ കന്യാകാത്വത്തിന്ന് ഭ്രഷ്ടായപോലെ ഒരനുഭവമുണ്ടായി. ഞാൻ അതിന്നു നേർക്ക് കണ്ണടച്ചു. എന്നാൽ ആ സിംഹാസനം വീണ്ടും ഒഴിവു വന്നപ്പോൾ എന്റെ ഹൃദയം തേങ്ങിയില്ല. ഒരസുഖവും തോന്നിയില്ല. അതു മരവിച്ചു കഴിഞ്ഞിരുന്നു. ഇന്നാകട്ടെ, അത് എന്തിന്നും പാകമാണ്.

മാധവമേനോൻ: ഓമനേ, നിന്നെ ഞാൻ കൈകടന്ന നിലയ്ക്ക ദ്രോഹിച്ചു. എന്റെ ഹൃദയം പുകയുന്നു. അതേ, ചിതയിലെ ചെന്തിയ്യിന്നു മാത്രമേ ഇനി അതിനെ തണുപ്പിയ്ക്കാനാവൂ. (എഴുന്നേറ്റുനിന്നു കൈക്കൂപ്പി) ഈശ്വരാ, എന്റെ അപരാധങ്ങളെ പൊറുക്കണേ. (തിരിഞ്ഞ്) രോഹിണി, കഷ്ടപ്പാടുകളെ അനുഭവിച്ചുകഴിഞ്ഞ നീ ഇന്നു കരയ്ക്കുനിന്ന് അതിനെ നോക്കിക്കാണുകയാണ്. ഞാനാകട്ടെ,

അതിലേക്ക് നിന്നെ വലിച്ചെറിഞ്ഞ ഞാനാകട്ടെ, എന്നും അതേ കഷ്ടപ്പാട്-തീവ്രയാതന- അനുഭവിക്കുകയാണ് എന്നതിൽ ദയ വേണം. ഒരിയ്ക്കലെങ്കിലും പറയൂ, കഴിഞ്ഞതെല്ലാം മറന്ന് എന്നെ സ്നേഹിക്കുന്നുവെന്ന്. അല്ലാത്തപക്ഷം...

രോഹിണി: (മാധവമേനോന്റെ കൂപ്പുകൈകളെ ഗ്രസിച്ച് ) ആയീ. ഇങ്ങനെ അധീരരാവാമോ പുരുഷന്മാർ!

(രണ്ടുപേരും നിശ്ശബ്ദം നില്ക്കുന്നു. ഗോപാലൻ പ്രവേശിക്കുന്നു. പെട്ടെന്ന് ഇവരെക്കണ്ട് നാവുകടിച്ച് പിന്നോക്കം മാറി തിരിഞ്ഞ് പുറം കാണിച്ച്നിന്ന് ഉറക്കെ) ഒരു കത്തുണ്ട്.

(മാധവമേനോനും രോഹിണിയും തിരിഞ്ഞുനോക്കുന്നു.)

മാധവമേനോൻ: (ചിരിച്ചുകൊണ്ട്) ആര് ഗോപാലനൊ? ഇങ്ങോട്ടുകൊണ്ടുവാ.

(ഗോപാലൻ കത്തു കൊടുക്കുന്നു. മാധവമേനോൻ വായിച്ച് രോഹിണിക്ക് കൊടുക്കുന്നു. രോഹിണി വാങ്ങി കയ്യക്ഷരം കണ്ടപ്പോൾത്തന്നെ വലിച്ചെറിയുന്നു.)

രോഹിണി: ദുർമൂർത്തിതന്നെ പിന്നെയും. എനിയ്ക്ക് കാണണ്ട.

മാധവമേനോൻ: ഞാനെന്താണ് മറുപടി കൊടുക്കേണ്ടത്, നോക്കൂ!

രോഹിണി: ഒരാട്ട്! അതിന്ന് എന്തായാലും മറുപടി അതാണ്. പക്ഷെ, നിങ്ങൾ പെണ്ണല്ലല്ലോ.

മാധവമേനോൻ: നരാങ്ങ് കമ്പനിയിലെ മാനേജരുടെ ഒഴിവിലേക്ക് എന്നെ ശിപാർശി ചെയ്യട്ടെ എന്നാണ് കത്ത് 100ക. ശമ്പളം. അതേതായാലും നമുക്കു ഉപയോഗപ്രദമല്ലെ?

രോഹിണി: അല്ലതന്നെ. ഏതനുഗ്രഹവും ആ മഹാപാപിയുടെ കയ്യിൽനിന്നു വേണ്ട. അവൾ വീണ്ടും ചൂണ്ടലിടുകയാണ്.

മാധവമേനോൻ: (ആലോചിച്ച്) ശരിയാണ്. എന്നല്ല എന്റെ ചുക്കാനില്ലാത്ത സാമ്പദികസിദ്ധാന്തം എന്നെ പിടിച്ചു തള്ളിയ പടുകുഴിയിൽനിന്ന് നന്നെ കഷ്ടപ്പെട്ട് ഞാനിപ്പോൾ കയറി വന്നിരിയ്ക്കുന്നു. ഈ കയറിപ്പോന്നതെല്ലാം ലഘുജീവിതത്തിന്റെ പടവുകളിലൂടെ മാത്രമാണ്. അക്കാര്യത്തിൽ അച്ഛന്റെ ദൃഢതയാണ്. എപ്പോഴും എനിക്ക് വഴികാട്ടിത്തരുന്നത്.

രോഹിണി: ലഘുജീവിതത്തെ വരിയ്ക്കാനും അതിൽ സതൃപ്തി കൊള്ളാനും അച്ഛൻ എന്നെ പഠിപ്പിച്ചിട്ടുണ്ട്. അതാണ് എനിയ്ക്കു കിട്ടിയ പൈതൃക സ്വത്ത്. ഇനിയെങ്കിലും ആ പകൽവെളിച്ചത്തിലൂടെ നമുക്കു നടക്കാം. കണ്ണഞ്ചിയ്ക്കുന്ന സന്ധ്യയുടെ സുവർണ്ണശോഭ ചതിയനാണ്. അതു നമ്മളെ വീണ്ടും ഇരുട്ടിൽ പിടിച്ചിടും. (ഗോപാലനോട്) ആ കത്തെടുത്ത് ഓടെടാ. അവളോട് പറയ് ഇവിടത്തെ പട്ടിയ്ക്കു പോലും അവളുടെ ദയ വേണ്ടെന്ന്. ഊം ഓട്. (ഗോപാലന്റെ അടുത്തേയ്ക്കടുക്കുന്നു. ഗോപാലൻ നിന്ന നില്പിൽ ചാടിത്തിരിഞ്ഞ് അയ്യോ എന്നു വിളിച്ച് ഓടിപ്പോകുന്നു.)

മാധവമേനോൻ: ഓമനേ, നീയെന്നെ ആഹ്ലാദത്തിൽ മുക്കുന്നു. (രോഹിണിയുടെ ചുമലിൽ കൈവെച്ചു നില്ക്കുന്നു)

രോഹിണി: (തലതാഴ്ത്തിനിന്ന് ) ആ പോയ കാലങ്ങളിലെ ആഹ്ലാദം എന്നിലേയ്ക്കുതന്നെ തിരിച്ചുവരുന്നു. അച്ഛാ... (കൈകൂപ്പി നില്ക്കുന്നു. മാധവമേനോനും അതനുവർത്തിക്കുന്നു.)

(കർട്ടൻ)